വാല്യം 1, ലക്കം 19

# ന്യൂ ഇന്ത്യ സമാചാർ

ഏപ്രിൽ 1-15, 2021

സൗജന്യ വിതരണത്തിന്





## വഴിയൊരുക്കുന്നു നവഭാരതത്തിനായി

**ബജറ്റ് നിർവ്വഹണത്തിൽ വിവിധ മേഖലയിലുള്ളവരുമായി ആശയസംവാദം നടത്താനുള്ള പ്രധാനമന്ത്രിയുടെ തീരുമാനം സ്വയംപര്യാപ്തതയിലേക്കുള്ള ഭാരതത്തിന്റെ പ്രയാണം കുടുതൽ വേഗത്തിലാക്കും.**

# ധീര രക്തസാക്ഷികൾക്ക് മുമ്പിൽ ശിരസ്സുനമിക്കുന്നു

**1919 ഏപ്രിൽ മൂന്നിന് ബൈശാഖി ദിവസം സംഭവിച്ച ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ 102–ാം വാർഷികമാണിത്. 102 ാം വാർഷികത്തിലും ഓർമ്മകൾ പുതുമയോടെ നിൽക്കുന്നു. കൂട്ടക്കൊല നടക്കുമ്പോൾ ഇരുപത്തിരണ്ടുകാരനായ നനക് സിംഗ് അവിടെയുണ്ടായിരുന്നു. വെടിയുണ്ടകളെ അതിജീവിച്ച നനക് സിംഗ് അതേപറ്റി 'രക്തരൂക്ഷിതമായ ബൈശാഖി' എന്നപേരിൽ കവിത എഴുതുകയുണ്ടായി. പ്രകോപിതരായ ബ്രിട്ടീഷുകാർ കവിത നിരോധിക്കുകയും കയ്യെഴുത്തുപ്രതി പിടിച്ചെടുക്കുകയും ചെയ്തു. ജാലിയൻവാലാബാഗ് കൂട്ടക്കൊലയുടെ 102 ാം വാർഷികത്തിൽ ആ കവിത ഇവിടെ കുറിക്കുന്നു...**

The Gathering in Jallianwala Bagh
As the clock struck five on thirteenth April
They all gather in the Bagh, my friends.
Seeking justice fair and honour, they stand
Sikhs, Hindus, Muslims together, my friends.
Folks young and old, and lads went too
For only a handful had stayed back, my friends.
They went to speak, to share their grief
Place lives at stake without fear, my friends.
Worrying no more about their precious lives
They left this world behind, my friends.
With slender hope of coming back home
Desires and dreams abandoned too, my friends.
With their own blood, they wanted to bloom
The parched soil of the Bagh, my friends.
Like swarms of moths, they gathered around
To be singed by violent flames, my friends.
Fed up with life, they courted death
Forcing Yama to accept their will, my friends.
Like Mansour, who said, 'I am the Truth!'
When he knew he'd meet the gallows, my friends.
Like Shams Tabrizi, whose quest for God
Ended up in a painful death, my friends.



ന്യൂ ഇന്ത്യ

# സമാചാർ

വാല്യം 1, ലക്കം 19 ഏപ്രിൽ 1-15, 2021


# ഉള്ളടക്കം


| | | |
|---|---|---|
| 1 | മുഖപ്രസംഗം | Pg. 02 |
| 2 | മെയിൽ ബോക്സ് | Pg. 03 |
| 3 | വാർത്തകൾ ചുരുക്കത്തിൽ | Pg. 04-05 |
| 4 | ഉത്കൽ ദിവസം | Pg. 06 |
| 5 | വ്യക്തിത്വം: ഡോക്ടർ ഭീംറാവു അംബേദ്കർ | Pg. 07 |
| 6 | അമൃത മഹോത്സവം | Pg. 08-10 |
| 7 | എംഐവി 2030 | Pg. 11 |
| 8 | കവർസ്റ്റോറി | Pg. 12-21 |
| 9 | ഫെയിം ഇന്ത്യ & ബിഎസ് 6 | Pg. 22-25 |
| 10 | മുദ്ര യോജന | Pg. 26-27 |
| 11 | ക്യാബിനറ്റ് തീരുമാനങ്ങൾ | Pg. 28 |
| 12 | ജൻഔഷധി | Pg. 29 |
| 13 | കൊറോണയ്ക്കെതിരായ യുദ്ധം | Pg. 30-31 |
| 14 | മൈത്രി സേതു | Pg. 32 |
| 15 | സ്മരണ: ഗുരു തേഗ് ബഹാദൂർ | Pg. 33 |
| 16 | സംസ്ക്കാരം | Pg. 34 |
| 17 | ക്വാഡ് ഉച്ചകോടി | Pg. 35 |
| 18 | മാറുന്ന ഭാരതം | Pg. 36 |



**എഡിറ്റർ**
ജയദീപ് ഭട്നാഗർ
പിഡിജി, പി ഐ ബി, ന്യൂഡൽഹി

**കൺസൾട്ടിംഗ് എഡിറ്റർമാർ**
വിനോദ് കുമാർ
സന്തോഷ് കുമാർ

**ഡിസൈനർ**
രവീന്ദ്ര കുമാർ ശർമ്മ

**പ്രസിദ്ധീകരിച്ച് അച്ചടിച്ചത്**
സത്യേന്ദ്ര പ്രകാശ്,
പിഡിജി, ബി ഒ സി
ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ്
കമ്മ്യൂണിക്കേഷന് വേണ്ടി.

**Printed at:**
Infinity Advertising services Pvt. Ltd.
FBD-One Corporate Park, 10th Floor,
New Delhi-Faridabad border,
NH-1, Faridabad-121003 (Haryana)

**പ്രസിദ്ധീകരിക്കുന്നത്**
ബ്യൂറോ ഓഫ് ഔട്ട്റീച്ച് ആന്റ്
കമ്മ്യൂണിക്കേഷൻ, രണ്ടാം നില,
സൂചന ഭവൻ,
ന്യൂഡൽഹി, 110003

ന്യൂ ഇന്ത്യ സമാചാർ

ന്യൂ ഇന്ത്യ സമാചാർ :
DELMAL/2020/78826
response-nis@pib.gov.in

# മുഖപ്രസംഗം

സാദരം നമസ്കാരം,

പൊതുനൻമയ്ക്കായുള്ള ഏതൊരു തീരുമാനവും ഉൽസവം പോലെയാണ് ഭാരതത്തിൽ ആഘോഷിക്കപ്പെടുന്നത്. അതിന്റെ ഫലമായി പരമാവധി ആളുകൾ പങ്കാളികളാവുകയും അതൊരു വിജയമായി തീരുകയും ചെയ്യുന്നു.

സർക്കാർ നടപടികൾ രാജ്യത്താകമാനം പുതിയ പ്രതീക്ഷയുടെ അന്തരീക്ഷമുണ്ടാക്കുകയും അതിവേഗത്തിൽ മുന്നോട്ട് കുതിക്കാനുള്ള രാജ്യത്തിന്റെ അഭിവാഞ്ജ പ്രതിഫലിപ്പിക്കുകയും ചെയ്യുമ്പോൾ പുതിയ പ്രതീക്ഷകളുണ്ടാകുന്നു.പൊതുബജറ്റിന് രാജ്യത്ത് വലിയ സ്വീകാര്യത ലഭിച്ച സാഹചര്യത്തിൽ മറ്റൊരു അസാധാരണ നടപടിയിലേക്ക് കടന്നിരിക്കുകയാണ് സർക്കാർ. പാർലമെന്റിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു പ്രധാനമന്ത്രി ബജറ്റ് നിർവ്വഹണം സംബന്ധിച്ച് വിവിധ മേഖലകളിലുള്ളവരുമായി നേരിട്ട് ആശയ സംവാദം നടത്താൻ തീരുമാനമെടുത്തു.

സർക്കാരിനും സ്വകാര്യമേഖലയ്ക്കുമിടയിൽ വിശ്വാസമുണ്ടാക്കി ബജറ്റ് പ്രഖ്യാപനങ്ങളുടെ നടത്തിപ്പ് വേഗത്തിലാക്കാൻ ലക്ഷ്യമിട്ടാണ് ഈ സംവാദം.എല്ലാ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും കഴിവിന്റെ പരമാവധി ഉപയോഗപ്പെടുത്തി മുന്നോട്ട് കുതിക്കാൻ കഴിയുന്ന ഒരു സ്വയംപര്യാപ്ത ഭാരതമാണ് സർക്കാരിന് വേണ്ടത്. ഇതാണ് ഈ ലക്കത്തിൽ കവർസ്റ്റോറിയായി ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികം 'ആസാദി ക അമൃത് മഹോൽസവം' എന്ന പേരിലാണ് ആഘോഷിക്കപ്പെടുന്നത്. സ്വതന്ത്രയായി 75 വർഷത്തിനിടെ ഭാരതം കൈവരിച്ച വളർച്ചയും നേട്ടങ്ങളുമെല്ലാം പ്രദർശിപ്പിക്കാനാണ് ആഘോഷം ലക്ഷ്യമിടുന്നത്. അതോടൊപ്പം സ്വാതന്ത്രത്തിന്റെ 100 ാം വാർഷികമായ 2047 ൽ ഭാരതം എങ്ങനെ ആയിരിക്കണമെന്ന ദർശനവും ഈ ആഘോഷം മുന്നോട്ടുവയ്ക്കും.

രാജ്യത്തിന്റെ പോരാളികൾ നടത്തിയ സമരങ്ങളുടെ വീരഗാഥകളിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ഭാരതം എങ്ങനെ മുന്നോട്ട് പോകുമെന്നത് സംബന്ധിച്ച റിപ്പോർട്ടും ഈ ലക്കം ന്യൂ ഇന്ത്യ സമാചാറിന്റെ ഭാഗമാണ്.

ശ്രീ ഗുരു തേഗ് ബഹാദൂറിന്റെ വീരത്വം, ഉത്കൽ ദിവസം പ്രമാണിച്ച് ഒഡീഷയിലെ പൈക പോരാളികളുടെ വീരഗാഥകൾ,ഭരണഘടനശിൽപ്പി ഡോക്ടർ ഭീം റാവു അംബേദ്കറിന്റെ ജൻമവാർഷികത്തിൽ അദ്ദേഹത്തിനുള്ള ശ്രദ്ധാഞ്ജലി, ചെറുകിട ബിസിനസുകാരുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകിയ മുദ്ര യോജന,പരിസ്ഥിതി സൗഹൃദ ഗതാഗത സംവിധാനം എന്നിവ സംബന്ധിച്ച റിപ്പോർട്ടുകളും ഈ ലക്കത്തിന്റെ പ്രത്യേകതയാണ്.

ഞങ്ങളെ പ്രതികരണങ്ങൾ അറിയിക്കുന്നത് തുടരുക.



വിലാസം : ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്മ്യൂണിക്കേഷൻ,
രണ്ടാം നില,സൂചന ഭവൻ, ന്യൂ ഡൽഹി, 110003

ഇ മെയിൽ : response-nis@pib.gov.in




**(ജയദീപ് ഭട്നാഗർ)**

# മെയിൽ ബോക്സ്




ഒരുകാലത്ത് രാജ്യത്തിന്റെ വ്യാപാര കേന്ദ്രമായിരുന്ന കിഴക്കൻ ഭാരതത്തിന്റെ വളർച്ചയെ കുറിച്ചുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന് അഭിനന്ദനങ്ങൾ. ഹൈവെ, റെയിൽവെ, എയർ വെ, ഇന്റർനെറ്റ് തുടങ്ങിയവയുടെ വികസനം ഉൾപ്പെടുന്ന പ്രധാനമന്ത്രിയുടെ ആക്റ്റ് ഈസ്റ്റ് നയം രാജ്യത്ത് സന്തുലിതമായ വളർച്ച കൊണ്ടുവരുന്നതിനൊപ്പം ജീവിതം ആയാസരഹിതമാക്കുകയും ചെയ്യുന്നു.

**ചന്ദ്രകാന്ത പ്രധാൻ**
**chandrakantapradhan2014@gmail.com**

## ഡിജിറ്റൽ കലണ്ടർ




**സർക്കാറിന്റെ വിവിധ പദ്ധതികൾ, വിശേഷ സംഭവങ്ങൾ,പ്രസിദ്ധീകരണങ്ങൾ എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ ഡിജിറ്റൽ കലണ്ടറിലും ഡയറിയിലും ലഭ്യമാണ്. ഔദ്യോഗിക അവധി ദിവസങ്ങൾക്ക് പുറമെ മറ്റു പ്രധാന ദിവസങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.**

**ഗൂഗിൾ പ്ലെസ്റ്റോറിൽ നിന്നും ആപ്പിൾ സ്റ്റോറിൽ നിന്നും ഇവ ഡൗൺലോഡ് ചെയ്യാം**

| ഗൂഗിൾ പ്ലെസ്റ്റോർ ലിങ്ക് | ആപ്പിൾ സ്റ്റോർ ലിങ്ക് |
|---|---|
| https://play.google.com/store/apps/details?id=in.gov.calendar | https://apps.apple.com/in/app/goi-calendar/id1546365594 |

**https://goicalendar.gov.in/**

ന്യൂ ഇന്ത്യ സമാചാറിനെക്കുറിച്ചറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. വിദ്യാർത്ഥികൾക്കായി സർക്കാർ പദ്ധതികളെയും അതിന്റെ നടത്തിപ്പിനെയും പറ്റിയുള്ള വിശദമായ വിവരങ്ങൾ ഒരു പ്രത്യേക വിഭാഗമായി മാസികയിൽ ഉൾപ്പെടുത്തണം എന്നൊരു നിർദ്ദേശം എനിക്കുണ്ട്.

**റിദ്ദിമ ഗുപ്ത**
**sangeetaguptashree@gmail.com;**

ഈ മാസിക വായിക്കുന്നത് വളരെ അധികം ആസ്വാദ്യകരമാണ്. ഇതിൽ പ്രസിദ്ധീകരിക്കുന്ന സർക്കാറിന്റെ വിവിധ വികസന പദ്ധതികളും അതിന്റെ റിപ്പോർട്ടുകളും രാജ്യത്തിന്റെ യഥാർത്ഥ ചിത്രം കാണിച്ചു തരുന്നു. ഇത് വിദ്യാർത്ഥികൾക്ക് ഏറെ സഹായകരമാണ്. വിവിധ ഭാഷകളിൽ ഇത് പ്രസിദ്ധീകരിക്കപ്പെടുന്നു എന്നത് ഈ മാസികയുടെ മറ്റൊരു സുപ്രധാന നേട്ടമാണ്. ജോലി തുടരുക.

**ധ്രുബജിത്ത് ദത്ത**
**duttadhruba200@gmail.com**

മൽസര പരീക്ഷകൾ എഴുതുന്ന ഒരു വ്യക്തി എന്ന നിലയിൽ ഈ മാസിക എനിക്ക് വളരെയധികം ഉപകാരപ്രദമാണ്. കുട്ടികൾക്കും ഈ മാസിക അതുപോലെ തന്നെ പ്രയോജനകരമാണ്. ഞാൻ ഒരു സർക്കാർ സ്കൂൾ അധ്യാപികയാണ്. കഴിയുമെങ്കിൽ മാസികയുടെ തെലുങ്ക് പതിപ്പ് എനിക്ക് അയച്ചു തരണം. അല്ലെങ്കിൽ എങ്ങനെ വരിക്കാരിയാകാൻ കഴിയും എന്ന് വിശദീകരിച്ചു തരിക.

**varalakshmipalla19@gmail.com**

രാജ്യത്തെക്കുറിച്ച് നിരവധി പോസിറ്റീവായ വിവരങ്ങൾ ഉൾപ്പെട്ട ഈ മാസിക മികച്ച നിലവാരം പുലർത്തുന്നു. ഈ നിലവാരം എപ്പോഴും നിലനിർത്തുക. മാസികയുടെ പേര് ജാഗ്രത് ഭാരത് സമാചാർപത്ര എന്നാക്കി മാറ്റാം എന്നൊരു നിർദ്ദേശം എനിക്കുണ്ട്. എന്റെ എല്ലാ ആശംസകളും.

**സുനിത പട്ടേൽ**
**sunitapatel.sp7@gmail.com**

## മരണപ്പെട്ട സൈനികരുടെ കുട്ടികൾക്ക് കൗൺസിലിംഗ് ഹെൽപ്പ്ലൈനുമായി ബിഎസ്എഫ്

മരണപ്പെട്ട സൈനികരുടെ കുട്ടികൾക്ക് മാനസിക പിന്തുണയും കൗൺസിലിംഗും നൽകുന്നതാണ് ബിഎസ്എഫിന്റെ പുതിയ ഹെൽപ്പ്ലൈൻ.സപ്പോർട്ടീവ് ആക്ഷൻ വിത്ത് ഹോളിസ്റ്റിക്ക് അപ്രോച്ച് ടു ബിൽഡ് റിസൈലൻസ് എമംഗ് ദി ചിൽഡ്രൻ ഓഫ് ആംഡ് പോലീസ് പേഴ്സണൽ (സഹാറ) എന്നാണ് ഇതിന്റെ പേര്. അവകാശ സംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യവും മറ്റാവശ്യങ്ങളും തുടങ്ങിയ കാര്യങ്ങളിൽ വിദഗ്ദർ കൗൺസിലിംഗും പരാതി പരിഹാരവും കുട്ടികൾക്ക് നൽകും. കേന്ദ്രസർക്കാറിന്റെയും ബിഎസ്എഫിന്റെയും ക്ഷേമ പദ്ധതികളുമായി കുട്ടികളെ ബന്ധിപ്പിക്കാനും സഹാറ പരിശ്രമിക്കും. കൗൺസിലിംഗിനായി പ്രത്യേക ടോൾ ഫ്രീ നമ്പർ 1800-1-236-236 വെബ് ലിങ്ക് - https:www.ncpcr.gov.in/എന്നിവയുണ്ട്. ജോലിക്കിടെ ജീവൻ നഷ്ടപ്പെട്ട സൈനികരുടെ കുടുംബങ്ങൾക്ക് പിന്തുണ നൽകാനായി പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് ഇന്ത്യൻ ആർമി വെറ്ററൻസ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കുടുംബങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ സുഗമമായി നടപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. സൈനികരുടെ വിധവകൾക്കും കുട്ടികൾക്കുമായുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, കംപ്യൂട്ടർ പിന്തുണ,ഉന്നത വിദ്യാഭ്യാസത്തിനുള്ള സഹായം,പെൺകുട്ടികൾക്ക് വിവാഹത്തിനുള്ള സഹായം തുടങ്ങിയവ സുഗമമായി ലഭ്യാമാക്കും. ഒരു ലക്ഷത്തിലധികം സൈനികരുടെ കുടുംബങ്ങൾക്ക് അന്തസ്സോടെ ജീവിക്കാൻ ഈ പദ്ധതി സഹായിക്കും.



## ഏകതാപ്രതിമ: സന്ദർശകരുടെ എണ്ണം 50 ലക്ഷം കവിഞ്ഞു



ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിന് ആദരസൂചകമായി നിർമ്മിച്ച ലോകത്തിലെ ഏറ്റവും വലിയ പ്രതിമയായ ഏകതാപ്രതിമ കാണാനെത്തിയവരുടെ എണ്ണം 50 ലക്ഷം കവിഞ്ഞു. കഴിഞ്ഞ മാസം 15 വരെയുള്ള കണക്കാണിത്. ആഭ്യന്തര വിനോദ സഞ്ചാരികളും അന്താരാഷ്ട്ര സഞ്ചാരികളും ഉൾപ്പെടെ ദിനംപ്രതി ശരാശരി ഒൻപതിനായിരം മുതൽ പതിനായിരം വരെ സന്ദർശകർ പ്രതിമ കാണാനായി എത്തുന്നുണ്ട്. 182 മീറ്റർ ഉയരമുള്ള പ്രതിമ 2018 ഒക്ടോബർ 31 നു പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് രാജ്യത്തിന് സമർപ്പിച്ചത്. സന്ദർശകർ 50 ലക്ഷം പിന്നിട്ടതിനെ ചരിത്രപരമെന്നും മഹത്തായതെന്നുമാണ് ട്വിറ്ററിൽ പ്രധാനമന്ത്രി വിശേഷിപ്പിച്ചത്.

## ആത്മനിർഭര ഭാരതത്തിന്റെ വലിയ വിജയം, അഗർബത്തി ഇറക്കുമതിയിൽ 93 ശതമാനത്തിന്റെ കുറവ്



തദ്ദേശീയ സംരംഭങ്ങളെ ശക്തിപ്പെടുത്താനുള്ള നിരന്തര പരിശ്രമം വിജയം കണ്ടുതുടങ്ങിയിരിക്കുന്നു. ആത്മനിർഭര ഭാരതത്തിലേക്കുള്ള സർക്കാരിന്റെ ചുവടുവയ്പുകൾക്ക് ഏറ്റവും മികച്ച് ഉദാഹരണമാണ് അഗർബത്തി വ്യവസായം. തദ്ദേശീയ അഗർബത്തി നിർമ്മാണത്തെ പ്രോൽസാഹിപ്പിക്കാനായി കഴിഞ്ഞ വർഷം ജൂലായിലാണ് മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ കീഴിൽ എംഎസ്എംഇ മന്ത്രാലയം അഗർബത്തി നിർമ്മാണത്തിൽ ആത്മനിർഭർ മിഷൻ ആരംഭിച്ചത്. ഉൽപ്പാദനം വർദ്ധിപ്പിക്കാനായി ഗ്രാമങ്ങളിലുള്ളവർക്കും സ്ത്രീകൾക്കും തൊഴിൽ നൽകി. ഇതോടെ തദ്ദേശീയ ഉൽപ്പാദനം വർദ്ധിക്കുകയും അഗർബത്തി ഇറക്കുമതിയിൽ 93 ശതമാനത്തിന്റെ കുറവുണ്ടാവുകയും ചെയ്തു. 2020 ഏപ്രിലിനും 2021 ജനുവരിക്കും ഇടയിലുള്ള കണക്കാണിത്. 2019-20 വർഷം ഇതേകാലയളവിൽ 284 കോടിയുടെ അഗർബത്തി ഇറക്കുമതിചെയ്ത രാജ്യം 2020-21 ആയപ്പോൾ അത് 19 കോടിയായി കുറച്ചു.

## പ്രോവിഡന്റ് ഫണ്ട് നിക്ഷേപം: പലിശ 8.5 ശതമാനമായി നിലനിർത്തി കേന്ദ്രസർക്കാർ.

6 കോടി വരുന്ന പ്രോവിഡന്റ് ഫണ്ട് നിക്ഷേപകർക്ക് ആശ്വാസ വാർത്ത. 2021-22 സാമ്പത്തിക വർഷം പ്രോവിഡന്റ് ഫണ്ട് നിക്ഷേപത്തിനുള്ള പലിശ 8.5 ശതമാനമായി കേന്ദ്രസർക്കാർ നിലനിർത്തി. ഇതാദ്യമായി ജമ്മുകശ്മീരിലെയും ലഡാക്കിലെയും നിക്ഷേപകർക്ക് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്റെ സാമൂഹ്യ സുരക്ഷാ ഗുണങ്ങൾ ലഭ്യമായി. കഴിഞ്ഞമാസം 4 നു ശ്രീനഗറിൽ നടന്ന ബോർഡ് യോഗത്തിലാണ് പലിശ 8.5 ശതമാനമായി നിലനിർത്താനുള്ള തീരുമാനം.

## ഊർജ പരിസ്ഥിതി മേഖലകളിലെ മികച്ച നേതൃത്വത്തിനുള്ള സെറവീക്ക് അന്താരാഷ്ട്ര പുരസ്കാരം പ്രധാനമന്ത്രി നരേന്ദ്ര മോദി ഏറ്റുവാങ്ങി.

ഊർജ പരിസ്ഥിതി മേഖലകളിലെ മികച്ച നേതൃത്വത്തിനുള്ള സെറവീക്ക് ഗ്ലോബൽ എനർജി ആൻഡ് എൻവയൺമെന്റ് ലീഡർഷിപ്പ് അവാർഡ് പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വീകരിച്ചു. ആഗോള ഊർജ പരിസ്ഥിതി മേഖലകളുടെ ഭാവിയ്ക്കായി പ്രധാനമന്ത്രി മുൻകയ്യെടുത്ത് നടപ്പാക്കിയ നടപടികൾക്കുള്ള അംഗീകാരമാണ് പുരസ്കാരം. 1983 ൽ ഡോക്ടർ ഡാനിയേൽ യെർഗിനാണ് സെറവീക്ക് സ്ഥാപിച്ചത്.പുരസ്കാരം ആരംഭിച്ചത് 2016 ലാണ്. സെറവീക്ക് 2021 നെ അഭിസംബോധന ചെയ്ത് സംസാരിക്കവെ പ്രധാനമന്ത്രി പറഞ്ഞു, 'പുരസ്ക്കാരം ഏറെ വിനയത്തോടെ ഏറ്റുവാങ്ങുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ എന്റെ രാജ്യത്തിനുള്ള മഹത്തായ പാരമ്പര്യത്തിന് ഞാൻ ഈ പുരസ്ക്കാരം സമർപ്പിക്കുന്നു'.



പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ പൂർണ്ണരൂപത്തിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

## ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ പരാതി നൽകാനായി ഇ-ഡാഖിൽ

ഉപഭോക്തൃ തർക്കപരിഹാരത്തിനായുള്ള ഇ-ഡാഖിൽ പോർട്ടലുകൾ 15 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും പ്രവർത്തന സജ്ജമായി. ഉപഭോക്താക്കൾക്ക് എളുപ്പത്തിൽ പരാതി നൽകാനും പരിഹാരം കണ്ടെത്താനും ലക്ഷ്യമിട്ടാണ് ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പോർട്ടലിന് രൂപം നൽകിയത്. ഗ്രാമീണ ഉപഭോക്താക്കൾക്കായി പൊതുസേവന കേന്ദ്രങ്ങളെ ഇ-ഡാഖിൽ പോർട്ടലുമായി ബന്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേശീയ, സംസ്ഥാന,ജില്ലാ തലങ്ങളിലുള്ള ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനുകൾ ഉൾപ്പെടെ 444 കേന്ദ്രങ്ങൾ പോർട്ടലിലുണ്ട്. പോർട്ടൽ മുഴുവൻ സംസ്ഥാനങ്ങളിലും എത്തിക്കാനായി കൃത്യമായ നടപടികൾ ഉപഭോക്തൃ വിഭാഗം എടുത്തുവരുന്നു.

## ആഭ്യന്തര വിമാനയാത്രക്കാരുടെ എണ്ണത്തിൽ വലിയ വർദ്ധന, ദിവസം യാത്ര ചെയ്തത് 3.13 ലക്ഷം യാത്രക്കാർ

രാജ്യത്തെ ആഭ്യന്തര വിമാനയാത്ര തിരിച്ചുവരവിന്റെ പാതയിലാണ്. കൊറോണാക്കാലത്ത് മന്ദഗതിയിലായ വിപണി ചട്ടങ്ങളിൽ ഇളവ് വന്നതോടെ പതിയെ ഉണർന്നു. കാര്യങ്ങൾ സാധാരണഗതിയിലേക്ക് തിരിച്ചുവരാൻ തുടങ്ങി യതോടെ യാത്രക്കാരുടെ എണ്ണവും വർദ്ധിച്ചു. ഈ വർഷം ഫെബ്രുവരി 28 ന് 3.13 ലക്ഷം ആളുകളാണ് 2353 ആഭ്യന്തരവിമാനങ്ങളിലായി യാത്ര ചെയ്തത്. കഴിഞ്ഞ വർഷം മെയ് 25 ന് ആഭ്യന്തരവിമാനയാത്ര പുനരാരംഭിച്ച ശേഷം ഉണ്ടായ ഏറ്റവും വലിയ വർദ്ധനയാണിത്. ■





# ഭാരതത്തിന്റെ ആദ്യ സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ഭൂമിക

**പൗരാണിക കാലം മുതൽ മധ്യകാലം വരെ ഭാരത ചരിത്രത്തിൽ ഏറ്റവും പ്രധാന കേന്ദ്രമായിരുന്നു ഒഡീഷ. ഏപ്രിൽ ഒന്നിന് 86-ാമത് ഉത്കൽ ദിവസമായി ഒഡീഷ ആഘോഷിക്കുന്നു. ഭഗവാൻ ജഗന്നാഥന്റെ മണ്ണ് അതിന്റെ ചരിത്രം കൊണ്ടും സംസ്ക്കാരം കൊണ്ടും പ്രസിദ്ധമാണ്. ഒഡീഷയെപ്പറ്റി മറ്റൊരു പ്രധാനപ്പെട്ട കാര്യം കൂടി നാം അറിയേണ്ടതുണ്ട്. 1817ൽ നടന്ന പൈക കലാപമാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യസമര പോരാട്ടത്തിലെ ആദ്യ സായുധ വിപ്ലവം.**

അടുത്തിടെ ഉത്തർപ്രദേശിൽ മഹാരാജാ സുഹേൽദേവ് സ്മാരകം ഉദ്ഘാടനം ചെയ്തു സംസാരിക്കവേ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു; കൊളോണിയൽ ശക്തികളും കൊളോണിയൽ മാനസികാവസ്ഥയുള്ളവരും എഴുതിയതു മാത്രമല്ല ചരിത്രം. നാടോടിക്കഥകളിലൂടെയും പാട്ടുകളിലൂടെയും തലമുറ തലമുറയായി കൈമാറിവന്നതും ചരിത്രം തന്നെയാണ്. പ്രധാനമന്ത്രിയുടെ ഈ വാക്കുകൾ ഒഡീഷയുടെ കാര്യത്തിൽ ഏറെ ശരിയാണ്.

ചക്രവർത്തി അശോകന്റെ അംഹിസയെ രാജ്യത്തിന് സമ്മാനിച്ച ഒഡീഷയ്ക്ക് ഭാരതത്തിന്റെ സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ വലിയ സ്ഥാനമുണ്ട്. 1857ലെ സ്വാതന്ത്ര്യ സമര പോരാട്ടത്തിനും 40 വർഷങ്ങൾക്ക് മുമ്പ് 1817ൽ ഒഡീഷയിൽ സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ശംഖധ്വനി മുഴങ്ങി. അതിൽ കിഴക്കൻ ഭാരതത്തിലെ ബ്രിട്ടീഷ് ഭരണം ആടിയുലഞ്ഞു. എന്നാൽ ചരിത്രം പൈക കലാ പത്തെപറ്റി മൗനം പൂണ്ടതോടെ ആ സമരത്തിന് വേണ്ടത്ര ശ്രദ്ധയും അംഗീകാരവും ലഭിച്ചില്ല. ഗജപതി രാജാക്കന്മാർക്ക് യുദ്ധത്തിൽ സൈനിക സഹായങ്ങൾ നൽകുന്ന ആയുധധാരികളായ കർഷക സമൂഹമായിരുന്നു പോരാട്ടത്തിനിറങ്ങിയ പൈക.

1803ലാണ് ബ്രിട്ടീഷ് സാമ്രാജ്യം ഒഡീഷയെ കീഴടക്കുന്നത്. വടക്ക് ബംഗാൾ പ്രവിശ്യയും തെക്ക് മദ്രാസ് പ്രവിശ്യയും ബ്രിട്ടീഷ് ആധിപത്യത്തിന് കീഴിലായി. അക്കാലത്ത് ഗജപതി രാജാവ് മുകുന്ദ ദേവാ രണ്ടാമൻ പ്രായപൂർത്തിയാവാത്ത ആളായിരുന്നു. അദ്ദേഹത്തിന്റെ രക്ഷാധികാരിയായിരുന്ന ജയി രാജഗുരുവിനെ അതിക്രൂരമായി അടിച്ചമർത്തി. കുറച്ചുവർഷങ്ങൾക്ക് ശേഷം പൈക വിപ്ലവകാരികൾ ഗജപതി രാജാക്കന്മാരുടെ പരമ്പരാഗത സൈനിക മേധാവിയായ ബക്ഷി ജഗബന്ധുവിന്റെ നേതൃത്വത്തിൽ ഗിരിവർഗ്ഗ ജനങ്ങളെയും മറ്റു വിവിധ വിഭാഗങ്ങളെയും സംഘടിപ്പിച്ച് സൈനിക ശക്തിയായി മാറുകയും ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ ആക്രമണം നടത്തുകയും ചെയ്തു. 1817ൽ ആരംഭിച്ച കലാപം വളരെ വേഗത്തിൽ പടർന്നു. മുഴുവൻ ശക്തിയും ഉപയോഗിച്ച് ബ്രിട്ടീഷുകാർ കലാപത്തെ അടിച്ചമർത്തി. നിരവധി പേർക്ക് അതിന്റെ ഭാഗമായി ജീവൻ നഷ്ടമായി. 1819 വരെ വിപ്ലവകാരികൾ ഗറില്ലാ യുദ്ധമുറ സ്വീകരിച്ച് പോരാടി. അവരെയെല്ലാം അവസാനം ബ്രിട്ടീഷുകാർ പിടികൂടി കൊന്നു. 1825ൽ ബക്ഷി ജഗബന്ധു അറസ്റ്റിലായി. തടവിൽ കഴിയവേ നാലുവർഷങ്ങൾക്ക് ശേഷം അദ്ദേഹം മരിച്ചു. പൈക വിപ്ലവത്തിന്റെ ഇരുനൂറാം വാർഷിക ത്തിൽ കേന്ദ്രസർക്കാർ പൈക വിപ്ലവത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ■

# തുല്യസമൂഹത്തിന്റെ ശക്തികേന്ദ്രം

**യാഥാസ്ഥിതിക വിശ്വാസങ്ങളും വംശീയ വിവേചനവും യുക്തിപരമായും ശക്തിയിലൂടെയും കർമ്മത്തിലൂടെയും ആക്രമണം നേരിട്ടിട്ടില്ലാത്ത ഒരു യുഗം മനുഷ്യരാശിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇന്ന് രാജ്യം ബാബാ സാഹേബ് അംബേദ്കറെ സ്മരിക്കുകയാണ്. സാമൂഹ്യ പരിഷ്കർത്താവും വലിയ നേതാവും സന്തുലിതമായ സമൂഹത്തിന്റെ നിർമ്മിതിയ്ക്കായി അക്ഷീണം പ്രയത്നിക്കുകയും ചെയ്ത അംബേദ്കറിന്റെ 131-ാം ജന്മവാർഷികമാണ് കഴിഞ്ഞുപോയത്. നമ്മുടെ ഭരണഘടനയുടെ ശിൽപ്പി മാത്രമായിരുന്നില്ല ഡോ. അംബേദ്കർ, തുല്യസമൂഹത്തിന്റെ ഘടനയ്ക്ക് പിന്നിലെ പ്രേരണാ ശ്രോതസ്സും കൂടിയായിരുന്നു.**



ബ്രിട്ടീഷ് ഭരണകാലത്ത് സെൻട്രൽ ഇന്ത്യ പ്രവിശ്യ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ മധ്യപ്രദേശിലെ മഹോ മുനിസിപ്പൽ സൈനിക കന്റോൺമെന്റിൽ 1891 ഏപ്രിൽ 14നാണ് ബാബാ സാഹേബ് ഭീംറാവു അംബേദ്കറിന്റെ ജനനം. രാംജി മലോജി സക്പാലും ഭീമാഭായിയുമായിരുന്നു മാതാപിതാക്കൾ. ദാരിദ്ര്യവും സാമൂഹ്യാരക്ഷിതാവസ്ഥയും സൃഷ്ടിച്ച ഇല്ലായ്മകളാൽ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ കുട്ടിക്കാലം. ജാതിയുടെ പേരിൽ കുട്ടിയായിരിക്കെ തന്നെ സാമൂഹ്യമായ ബഹിഷ്ക്കരണം അംബേദ്കർ നേരിട്ടു.

അംബേദ്ക്കറുടെ പിതാവ് രാംജി സക്പാൽ അദ്ദേഹത്തെ സതാറയിലെ സർക്കാർ ഹൈസ്ക്കൂളിൽ ബീവാ റാംജി അംബേദ്ക്കർ എന്ന പേരിൽ ചേർത്തു. ബീവ എന്നത് അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ പേരാണ്. പിതാവിന്റെ പേരിനൊപ്പമുള്ള സക്പാൽ എന്നതിന് പകരം ഗ്രാമത്തിന്റെ പേരിനോട് ചേർന്നുള്ള അംബേദ്ക്കർ എന്ന പേരാണ് അദ്ദേഹത്തിന് ലഭിച്ചത്. കൊങ്കൺ മേഖലയിലുള്ള ജനങ്ങൾ അവരുടെ പേരിനൊപ്പം ഗ്രാമത്തിന്റെ പേരു ചേർക്കുന്ന പതിവുണ്ട്. അംബേ്വ എന്ന ഗ്രാമത്തിന്റെ പേരാണ് പിന്നീട് അംബേദ്ക്കർ എന്നായി മാറിയത്. അദ്ദേഹത്തിന്റെ ബ്രാഹ്മണനായ അധ്യാപകൻ കൃഷ്ണ മഹാദേവ അംബേദ്ക്കർ അംബേ്വദ്ക്കർ എന്ന പേര് അംബേദ്ക്കർ എന്നാക്കി പരിഷ്ക്കരിച്ചു. അംബേദ്ക്കറോട് വലിയ താൽപ്പര്യമായിരുന്നു ആ ആധ്യാപകന്. അതിന് ശേഷമാണ് ബാബാസാഹേബ് ഭീംറാവു അംബേദ്ക്കർ എന്നറിയപ്പെട്ടത്.

**131-ാംജന്മവാർഷിക ദിനത്തിൽ ബാബാസാഹേബിന് ആദരാഞ്ജലി**

1907ൽ മെട്രിക്കുലേഷൻ ബിരുദം പൂർത്തിയാക്കിയ അംബേദ്ക്കർ അടുത്ത വർഷം എൽഫിൻസ്റ്റൺ കോളേജിൽ ചേർന്നു. തുടർന്ന് തുടർ പഠനത്തിനായി അദ്ദേഹത്തെ വിദേശത്തേക്ക് അയച്ചു. ഭാരതം സ്വാതന്ത്ര്യ പ്രാപ്തി കൈവരിക്കും മുമ്പ് തന്നെ അംബേദ്ക്കർ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമാവുകയും തൊഴിൽമന്ത്രിയാവുകയും ചെയ്തിരുന്നു. പൊതുമരാമത്ത് വകുപ്പും അംബേദ്ക്കറിന്റെ കീഴിലായിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ ജോലികൾ ലഭിക്കാനായി കരാറുകാർ തമ്മിൽ മത്സരം നടക്കുന്ന കാലമായിരുന്നു അത്. സമൂഹത്തിൽ ഏറെ സ്വാധീനമുള്ള ഒരു കരാറുകാരൻ അയാളുടെ മകനെ അംബേദ്ക്കറുടെ മകൻ യശ്വന്ത് റാവുവിന്റെ സമീപത്തേക്ക് അയച്ചു. ഒരു കരാർ ലഭിച്ചാൽ അതിന്റെ 20-25 ശതമാനം തുക നൽകാം എന്നതായിരുന്നു വാഗ്ദാനം. യശ്വന്ത് റാവു ഈ വാഗ്ദാനത്തെപ്പറ്റി അംബേദ്ക്കറെ അറിയിച്ചു. അംബേദ്ക്കറുടെ മറുപടി ഇപ്രകാരമായിരുന്നു; സമൂഹത്തിന്റെ വിമോചനം എന്ന ഒറ്റ ലക്ഷ്യത്തിനായാണ് ഞാനിവിടെ വന്നിരിക്കുന്നത്. എന്റെ ജീവിതം സുരക്ഷിതമാക്കുകയെന്ന ലക്ഷ്യത്തോടെയല്ല എന്റെ വരവ്. ഇത്തരത്തിലുള്ള വാഗ്ദാനങ്ങൾ ഒരിക്കലും എന്റെ ദൗത്യത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കില്ല'. ഒഴിഞ്ഞ കൈകളുമായി അദ്ദേഹത്തിന്റെ മകൻ മടങ്ങി.

1947 ആഗസ്ത് 15ന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ രാജ്യത്തിന്റെ ആദ്യ നിയമമന്ത്രിയായി ഡോ. അംബേദ്ക്കർ ചുമതലയേറ്റു. 1947 ആഗസ്ത് 29ന് ഭരണഘടന തയ്യാറാക്കാനുള്ള ഡ്രാഫ്റ്റ് സമിതിയുടെ ചെയർമാനായി അദ്ദേഹം നിയമിതനായി. 1956 ഡിസംബർ 6ന് ദൽഹിയിൽ വെച്ചാണ് ഡോ. അംബേദ്ക്കർ അന്തരിച്ചത്. 1990ൽ മരണാനന്തര ബഹുമതിയായി ഭാരത രത്ന നൽകി രാജ്യം ഡോ. അംബേദ്ക്കറെ ആദരിച്ചു. ■




# സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം; നൂറാം വാർഷിക പ്രമേയം

**|| 'उत्सवेन बिना यस्मात् स्थापनम् निष्फलम् भवेत्' ||**

ഒരു പരിശ്രമവും ഒരു പ്രമേയവും ആഘോഷങ്ങളില്ലാതെ വിജയകരമാവില്ല. ഒരു പ്രമേയത്തെ ആഘോഷമാക്കി മാറ്റിയാൽ പ്രമേയവും ലക്ഷക്കണക്കിന് പേരുടെ ഊർജ്ജവും ഒരുമിച്ച് ചേരും. ഈ ആശയവുമായാണ് ദണ്ഡിയാത്രയുടെ 91-ാം വാർഷികമായ മാർച്ച് 12ന് സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷത്തിന്റെ ആഘോഷ പരിപാടികൾക്ക് 130 കോടി ജനങ്ങളെയും ചേർത്തുകൊണ്ട് തുടക്കമിട്ടത്. ഭാരതത്തിന്റെ 75വർഷത്തെ നേട്ടങ്ങൾ ലോകത്തിനാകെ കാട്ടിക്കൊടുക്കാനുള്ള ഒരു അവസരമായി ഇതുമാറും. അടുത്ത 25 വർഷത്തേക്കുള്ള തയ്യാറെടുപ്പുകളുടെ രൂപരേഖ തയ്യാറാക്കാനും 75-ാം വാർഷികാഘോഷങ്ങൾ സഹായിക്കും....

സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം എന്നതിന്റെ അർത്ഥം അമൃതിന് സമാനമായ സ്വാതന്ത്ര്യലബ്ദിയുടെ ആഘോഷം എന്നാണ്. സ്വാതന്ത്ര്യ സമര പോരാളികളുടെ പ്രേരണകളുടെ അമൃത്; പുതിയ ആശയങ്ങളുടേയും പ്രതിജ്ഞകളുടേയും അമൃത്. സ്വാതന്ത്ര്യത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന 2047 ആകുമ്പോഴേക്കും സ്വയംപര്യാപ്ത ഭാരതം എന്നതു യാഥാർത്ഥ്യമാക്കാൻ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രമേയമാണ് 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ രാജ്യം മുന്നോട്ട് വെയ്ക്കുന്നത്. സബർമതി ആശ്രമത്തിൽ നിന്ന് ചരിത്ര പ്രസിദ്ധമായ ദണ്ഡിയാത്ര ആരംഭിച്ച മാർച്ച് 12നാണ് അമൃത മഹോത്സവത്തിനും തുടക്കമിട്ടത്. സബർമതി ആശ്രമത്തിൽ നിന്ന് ആരംഭിച്ച പദയാത്ര പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്ളാഗ് ഓഫ് ചെയ്തു.

## അമൃത മഹോത്സവത്തിന്റെ അഞ്ചു സ്തംഭങ്ങൾ




> നമ്മുടെ 75 വർഷത്തെ നേട്ടങ്ങൾ ലോകത്തിന് മുന്നിൽ കാണിച്ചുകൊടുക്കാനും അടുത്ത 25 വർഷത്തേക്കുള്ള രൂപരേഖയും പ്രമേയവും തയ്യാറാക്കാനും അമൃത മഹോത്സവം വഴിതുറക്കും. രാജ്യം അതിന്റെ സ്വാതന്ത്ര്യ ലബ്ദിയുടെ നൂറാം വർഷം ആഘോഷിക്കുന്ന 2047ൽ, നാം എവിടെയാണ്, ആഗോള തലത്തിൽ നമ്മുടെ സ്ഥാനം എന്താണ്, ഭാരതത്തെ എത്ര മുന്നോട്ട് നയിക്കാനായി എന്നിവ പരിശോധിക്കപ്പെടും. 75-ാം സ്വാതന്ത്ര്യ വാർഷികവും സ്വാതന്ത്ര്യ സമര പോരാട്ടങ്ങളും നമുക്ക് പ്രേരണാദായകമാണ്. ഭാരതത്തിന്റെ നൂറാം സ്വാതന്ത്ര്യ ദിന വേളയിൽ നാമെത്തിച്ചേരേണ്ട ഇടത്തെപ്പറ്റി ദിശ കാണിക്കാനും പ്രേരണ നൽകാനും 75-ാം സ്വാതന്ത്ര്യദിനാഘോഷങ്ങൾ വഴിവെയ്ക്കും.
>
> **പ്രധാനമന്ത്രി നരേന്ദ്രമോദി**

പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ പൂർണ്ണരൂപത്തിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

## അമൃത മഹോത്സവത്തിന് കീഴിലെ വിവിധ പ്രവർത്തനങ്ങൾ

- ഇന്ത്യ@75ന്റെ ഭാഗമായി തീരുമാനിച്ചിരിക്കുന്ന പരിപാടികളുടെ ഉദ്ഘാടനം. സിനിമകൾ, വെബ്സൈറ്റുകൾ, ഗാനങ്ങൾ, സ്വയംപര്യാപ്ത ചർക്ക, സ്വയംപര്യാപ്ത ഇൻക്യുബേറ്ററുകൾ.
- ഭാരതത്തിന്റെ അജയ്യമായ കഴിവുകൾ പ്രകടിപ്പിക്കുന്ന പരിപാടികളും സാംസ്ക്കാരിക പരിപാടികളും. സംഗീതം, നൃത്തം, സംഭാഷണവും ആമുഖ വായനയും(വിവിധ മേഖലകളിലെ വിവിധ ഭാഷകളെ പ്രതിനിധീകരിച്ചുള്ളവ). ഭാരതത്തിന്റെ ഭാവിയായ യുവജനതയുടെ ശക്തി കാണിക്കുന്ന പരിപാടികളും 75 ഗായകരും 75 നർത്തകരുമുള്ള ഗായകരുടെ കൂട്ടായ്മയായ ഗൈക്ക് വൃന്ദത്തിന്റെ പരിപാടികളും നടക്കും.

സ്വാതന്ത്ര്യ പോരാട്ടവുമായി ബന്ധപ്പെട്ട ആശയങ്ങൾ, നേട്ടങ്ങൾ, പ്രവർത്തനങ്ങൾ, പരിഹാരങ്ങൾ എന്നിവ 75-ാം വാർഷികത്തിൽ രാജ്യത്തെ ഉത്തേജിതമാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അമൃത മഹോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കവേ പറഞ്ഞു. രാജ്യത്തെ വിസ്മരിക്കപ്പെട്ട നായകരെ മുന്നോട്ട് കൊണ്ടുവരാനുള്ള കേന്ദ്രസർക്കാരിന്റെ കഴിഞ്ഞ ആറുവർഷത്തെ പരിശ്രമങ്ങൾ വിശദീകരിച്ച പ്രധാനമന്ത്രി, ഇതു യുവാക്കൾക്ക് വലിയ പ്രേരണ നൽകുമെന്നും പറഞ്ഞു. കല, സാഹിത്യം, നാടകം, സിനിമ, ഡിജിറ്റൽ വിനോദങ്ങൾ എന്നിവ വഴി രാജ്യത്തിന്റെ ഭൂതകാലത്തെ അറിയപ്പെടാത്ത കഥകൾ ലോകത്തിന് മുന്നിലെത്തിക്കണമെന്നും മോദി ആവശ്യപ്പെട്ടു.

### രൂപരേഖ തയ്യാറാക്കാൻ 259 അംഗ സമിതി

ദേശീയ-അന്തർദ്ദേശീയ തലത്തിൽ രാജ്യത്തിന്റെ 75-ാം സ്വാതന്ത്ര്യ ദിനം അമൃത മഹോത്സവമായി ആഘോഷിക്കുന്നതിന് കേന്ദ്രസർക്കാർ രൂപരേഖ തയ്യാറാക്കി വരികയാണ്. സ്വാതന്ത്ര്യ സമരത്തിന്റെ വീര്യവും രക്തസാക്ഷികളായവർക്കുള്ള സമർപ്പണവും നവഭാരതം കെട്ടിപ്പെടുക്കാനുള്ള ഉറച്ച തീരുമാനവുമാണ് അമൃത മഹോത്സവ വേളയിൽ നടക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച 259 അംഗ ദേശീയ സമിതിയിൽ മുൻ രാഷ്ട്രപതിമാർ മുതൽ പ്രമുഖ വ്യക്തിത്വങ്ങളും സമൂഹത്തിലെ എല്ലാ തുറകളിൽ നിന്നുമുള്ള പൗരന്മാരും അംഗങ്ങളാണ്. ഇതിന് പുറമേ ദേശീയ നിർവഹണ സമിതിയും വിവിധ മന്ത്രാലയ സെക്രട്ടറിമാരുടെ സമിതിയും ഇതിനകം പ്രവർത്തിക്കുന്നുണ്ട്. കേന്ദ്രആഭ്യന്തരമന്ത്രിക്കാണ് ഇതിന്റെ ചുമതല.

# സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം ആഘോഷിക്കാൻ പ്രദർശിനി









- ബ്യൂറോ ഓഫ് ഔട്ട് റീച്ച് ആന്റ് കമ്യൂണിക്കേഷൻ (ബിഒസി) രാജ്യത്തെ 32 കേന്ദ്രങ്ങളിൽ ഫോട്ടോ പ്രദർശനം സംഘടിപ്പിച്ചു. കേന്ദ്രവാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി പ്രകാശ് ജാവദേക്കർ ഡൽഹിയിലെ നാഷണൽ മീഡിയാ സെന്ററിൽ മാർച്ച് 13ന് നടന്ന ചടങ്ങിൽ പ്രദർശനം ഉദ്ഘാടനം ചെയ്തു.
- രാജ്യത്തെ മറ്റ് ആറു കേന്ദ്രങ്ങളിൽ കൂടി വെർച്വൽ ചടങ്ങിൽ കേന്ദ്രവാർത്താ വിതരണ പ്രക്ഷേപണ മന്ത്രി ഫോട്ടോ പ്രദർശനങ്ങൾ ഉൽഘാടനം ചെയ്തു. ജമ്മു കശ്മീരിലെ സാംബ ജില്ലയിലും ബംഗളൂരുവിലും പൂനയിലും ഒഡീഷയിലെ ഭുവനേശ്വറിലും മണിപ്പൂരിലെ മൊയ്റാങ്ങ് ജില്ലയിലും പാട്നയിലുമാണ് ഫോട്ടോ പ്രദർശനങ്ങൾ നടന്നത്.
- സ്വാതന്ത്ര്യ സമര പോരാളികൾക്ക് ആദരവ് അർപ്പിച്ചു നടന്ന പ്രദർശനങ്ങൾ അവരുടെ സ്വാതന്ത്ര്യ സമര പോരാട്ടത്തിലെ സംഭാവനകളെ അനുസ്മരിപ്പിക്കുന്നതിന് സഹായിച്ചു.
- ഈ പ്രദർശനങ്ങളുടെ ഡിജിറ്റൽ രൂപം 2021 ആഗസ്ത് 15നു മുമ്പായി തയ്യാറാകുമെന്നാണ് പ്രതീക്ഷ.

**സ്വാതന്ത്ര്യത്തിന് ശേഷം ഇത്രകാലം കൊണ്ട് നാം എന്തൊക്കെ നേടി എന്നതും അടുത്ത 25 കൊല്ലക്കാലം നാം എന്താണ് നേടാൻ ലക്ഷ്യമിടുന്നതെന്നും പ്രതിഫലിക്കുന്ന നിർണ്ണായക നിമിഷമാണിത്. വലിയ വില നൽകിയാണ് നാം സ്വാതന്ത്ര്യ പ്രാപ്തി നേടിയത്. ആ ത്യാഗത്തിന് പിന്നിലുള്ള ചരിത്രം വ്യക്തമാക്കിത്തരികയാണ് പ്രദർശനം കൊണ്ട് ലക്ഷ്യമാക്കുന്നത്.**

**- പ്രകാശ് ജാവദേക്കർ**
**കേന്ദ്രവാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി**

## ഉത്സവങ്ങൾ എങ്ങനെ ആഘോഷമാക്കാം

ഭാരതത്തിന്റെ പാരമ്പര്യത്തിന്റെയും സംസ്ക്കാരത്തിന്റെയും അതോടൊപ്പം ആധുനിക ഭാരതത്തിന്റെയും നേർക്കാഴ്ചകളാവണം ആഘോഷങ്ങളെന്ന് സ്വാതന്ത്ര്യത്തിന്റെ 75-ാം വർഷത്തെ ആഘോഷ പരിപാടികളുടെ നടത്തിപ്പിനായി രൂപീകരിച്ച ദേശീയ സമിതിയുടെ ആദ്യ യോഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു. നമ്മുടെ 75 വർഷത്തെ നേട്ടങ്ങളുടെ നേർക്കാഴ്ചകളാവണം ആഘോഷങ്ങൾ. അതോടൊപ്പം അടുത്ത 25 വർഷത്തെ തയ്യാറെടുപ്പുകളുടെ രൂപരേഖയും നമുക്ക് ഈ അവസരത്തിൽ ആവശ്യമാണ്. പൊതു ജനങ്ങളുടെ പങ്കാളിത്തത്തോടെ കേന്ദ്രസർക്കാർ ആണ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നത്. നിരവധി സാംസ്ക്കാരിക, ഡിജിറ്റൽ പരിപാടികളും ഇന്ത്യ@75ന്റെ ഭാഗമായി നടക്കും. 2022 ആഗസ്ത് 15ന്റെ 75 ആഴ്ചകൾക്ക് മുമ്പ് തന്നെ ആഘോഷങ്ങൾക്ക് തുടക്കമിടുകയും 2023 ആഗസ്ത് 15 വരെ പരിപാടികൾ തുടരുകയും ചെയ്യും. സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവം നടത്തിപ്പിനായി india75@nic.in എന്ന വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്. അടുത്ത 75 ആഴ്ചകളിലേക്കുള്ള 75 പരിപാടികൾ ഈ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ■



# ഭാരതത്തിന്റെ സമുദ്ര വ്യവസായ മേഖലയെ ആഗോള നിലവാരത്തിലെത്തിക്കാൻ

**2014 മുതൽ എല്ലാവർഷവും രാജ്യത്തെ തുറമുഖങ്ങളുടെ ശേഷി ഇരട്ടിയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. സമുദ്ര മേഖലയെ രാജ്യം വളരെ ഗൗരവത്തിൽ കാണുന്നതിനൊപ്പം വളർന്നുവരുന്ന ബ്ലൂ ഇക്കോണമിയും ഇന്ത്യയുടെ സവിശേഷതയാണ്. മാർച്ച് 2 മുതൽ 4 വരെ മാരിടൈം ഇന്ത്യ ഉച്ചകോടി സംഘടിപ്പിച്ചത് ഈ ലക്ഷ്യത്തോടെയാണ്. അടുത്ത ദശാബ്ദത്തിലേക്കുള്ള സമുദ്രമേഖലയുടെ വളർച്ചയ്ക്ക് വഴികാട്ടിയായി മാറാനാണ് ഉച്ചകോടി ലക്ഷ്യമിട്ടത്.**

സമുദ്രമേഖലയുടെ വികസനവും ബ്ലൂഇക്കോണമിയുടെ വളർച്ചയും ഭാരതം വളരെ ഗൗരവത്തിലാണ് കാണുന്നത്. രാജ്യത്തിന്റെ വളർച്ചയുടെ ഭാഗമാകാൻ ലോകത്തെ ഞാൻ ഭാരതത്തിലേക്ക് ക്ഷണിക്കുകയാണ്... മാരിടൈം ഇന്ത്യ ഉച്ചകോടി ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയ പ്രസംഗത്തിലെ പ്രസക്ത ഭാഗമാണിത്. ആത്മനിർഭര ഭാരതം എന്ന ലക്ഷ്യവുമായി രാജ്യത്തെ തുറമുഖങ്ങളുടെ വികസനമാണ് ഭാരതത്തിന്റെ ലക്ഷ്യം. ആഗോള മാരിടൈം മേഖലയിൽ മുന്നോട്ട് കുതിക്കാൻ ലക്ഷ്യമിട്ട് ഭാരതം മാരിടൈം ഇന്ത്യ വിഷൻ(എംഐവി 2030) എന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഭാരതത്തിലെ വിവിധ സമുദ്ര മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനായി ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആളുകൾ ഉച്ചകോടിക്കെത്തി. ഡെന്മാർക്കായിരുന്നു മൂന്നു ദിവസം നീണ്ടുനിന്ന ഉച്ചകോടിയുടെ പങ്കാളിത്ത രാജ്യം. 7,500 കി.മി നീണ്ടുകിടക്കുന്ന സമുദ്ര മേഖലയിൽ നിരവധി തുറമഖങ്ങളുടെ വികസനമാണ് ഭാരതം ലക്ഷ്യമിടുന്നത്. സാഗരമാല പദ്ധതിയിൽ പെടുത്തി ആറുലക്ഷം കോടി രൂപ ചിലവിൽ 574 പദ്ധതികൾ തെരഞ്ഞെടുത്ത് പ്രവർത്തനം മുന്നോട്ട് പോവുകയാണ്. എംഐവി 2030 കേന്ദ്രസർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണെന്ന് പ്രധാനമന്ത്രി വിശേഷിപ്പിച്ചു. രാജ്യത്തിനകത്തെ ജലപാതകൾ ചരക്കു നീക്കത്തിന് ചെലവു കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമാണെന്നും 2030 ആവുമ്പോഴേക്കും 23 ജലപാതകൾ പ്രവർത്തന ക്ഷമമാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ■

## മാരിടൈം ഇന്ത്യ വിഷൻ 2030:

- 3 ലക്ഷം കോടി രൂപ മുതൽ 3.5 ലക്ഷം കോടി രൂപ വരെ മുതൽ മുടക്ക്.
- 20 ലക്ഷം തൊഴിൽ സൃഷ്ടിക്കും.
- 20,000 കോടി രൂപ വാർഷിക വരുമാനം.
- തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും 1.25 ലക്ഷം കോടി രൂപയുടെ നിക്ഷേപം.
- ഗുജറാത്ത്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, ഒഡീഷ എന്നിവിടങ്ങളിലെ വലിയ തുറമുഖങ്ങളുടെ വികസനത്തിന് 80,000 കോടി രൂപ.
- വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ ട്രാൻസ്ഷിപ്മെന്റ് 25 ശതമാനത്തിൽ നിന്ന് 75 ശതമാനത്തിൽ അധികമായി 2030ഓടെ വർദ്ധിക്കും.
- പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം നിലവിലെ 10 ശതമാനത്തിൽ നിന്ന് 2030 ആവുമ്പോഴേക്കും 60 ശതമാനമാക്കി ഉയർത്തും. തുറമുഖങ്ങളിലെ അപകടങ്ങൾ, മുറിവുകൾ, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ 2022 ഓടുകൂടി പൂർണ്ണമായും ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നു.
- 2030 ഓടുകൂടി ലോകത്തിലെ ഏറ്റവും വലിയ കപ്പൽ നിർമ്മാണ രാജ്യമായി ഭാരതത്തെ മാറ്റിത്തീർക്കും. കുറഞ്ഞ ചിലവിൽ ദീർഘകാല സാമ്പത്തിക സഹായം മാരിടൈം മേഖലയ്ക്ക് ലഭ്യമാക്കാൻ മാരിടൈം വികസന ഫണ്ട് സ്വരൂപിക്കും.
- സ്വകാര്യ മേഖലയുടെ പങ്കാളിത്തവും ചരക്ക് കപ്പലുകളെ കൈകാര്യം ചെയ്യാനുള്ള ശേഷിയും 2020ലെ 51 ശതമാനത്തിൽ നിന്ന് 2030 ആകുമ്പോഴേക്കും 85 ശതമാനമാക്കി ഉയർത്തും. തുറമുഖങ്ങളുടെ വികസനപ്രക്രിയയിലും ഫെറി സർവ്വീസുകളിലും സ്വകാര്യ പങ്കാളിത്തം ഉറപ്പു വരുത്തും.



# രാഷ്ട്ര നിർമ്മാണത്തിന്റെ പുതിയ തുടക്കം













രാജ്യത്തിന്റെ സമ്പദ് രംഗത്ത് കൊറോണക്കാലത്തിന്റെ ആഘാതങ്ങൾ രൂക്ഷമായ സമയത്താണ് പ്രധാനമന്ത്രി നരേന്ദ്രമോദി ആത്മനിർഭര ഭാരതം എന്ന കാഴ്ചപ്പാട് മുന്നോട്ട് വെച്ചത്. ഇതിനോടുള്ള രാജ്യത്തിന്റെയാകെ അനുകൂല മനോഭാവം കൂടുതൽ വ്യക്തമാക്കുന്ന പ്രഖ്യാപനങ്ങളായിരുന്നു ബജറ്റിൽ ഉണ്ടായത്. പഴയ രീതികളെല്ലാം ഉപേക്ഷിച്ച്, രാജ്യത്തിന്റെ 70വർഷത്തെ പാർലമെന്ററി ചരിത്രങ്ങളും മാറ്റിവെച്ച് ഒരു പ്രധാനമന്ത്രി ഇതാദ്യമായി എല്ലാ മേഖലകളിലെയും പങ്കാളിത്തമുള്ളവരുമായും വിദഗ്ധരുമായും ചർച്ചകൾ നടത്തി. അവർക്കെല്ലാം സ്വയംപര്യാപ്ത ഭാരതം എന്ന ആശയത്തിന്റെ സ്വപ്നം അദ്ദേഹം കൈമാറി.









**'രാജ്യത്തെ സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും പൂർണ്ണ പിന്തുണ നൽകുകയെന്നത് സർക്കാരിന്റെ കർത്തവ്യമാണ്. എന്നാൽ പുതിയ കാലഘട്ടത്തിൽ ഒരു സ്ഥാപനം നടത്തുകയെന്നതും അതിന്റെ ഉടമസ്ഥാവകാശം കൈവശം വെച്ചിരിക്കുകയെന്നതും ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ലാഭകരമല്ല. ബിസിനസിൽ ഇടപെടുകയെന്നത് സർക്കാരിന്റെ ബിസിനസ്സല്ല എന്ന് ഞാൻ പറയും. സർക്കാരിന്റെ ലക്ഷ്യം ജനങ്ങളുടെ ക്ഷേമവും വികസന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പും മാത്രമാണ്. സർക്കാർ ബിസിനസ് നടത്താൻ ഇറങ്ങിയാൽ വലിയ നഷ്ടമാവും സംഭവിക്കുക'.**

രാജ്യത്തിന്റെ വികസന വഴി വിശദീകരിച്ചുകൊണ്ട് നിക്ഷേപകരുടെ ഒരു യോഗത്തിൽ പ്രധാനമന്ത്രി മുന്നോട്ടു വെച്ച ആശയങ്ങളും വാക്കുകളുമാണിത്. ബജറ്റ് പദ്ധതികളുടെ പ്രഖ്യാപനങ്ങൾക്കും നിർവഹണത്തിനും സർക്കാരിനൊപ്പം തന്നെ വിശ്വസിക്കാവുന്ന പങ്കാളിയായി സ്വകാര്യ മേഖലയെയും എടുത്തു കാട്ടുന്നതായിരുന്നു പ്രധാനമന്ത്രിയുടെ പ്രസംഗം. ബജറ്റ് നിർവഹണത്തിന്റെ കേന്ദ്രസർക്കാർ മന്ത്രം തന്നെയാണിത്. ബജറ്റ് എന്നത് വെറുമൊരു ചടങ്ങ് മാത്രമായും ബജറ്റവതരണത്തോടെ എല്ലാം അവസാനിക്കുന്നതുമായ ഒരു കാലം രാജ്യത്തുണ്ടായിരുന്നു. എന്നാൽ ചരിത്രത്തിൽ ഇതാദ്യമായി ശമ്പള വിതരണത്തിനും ജനക്ഷേമ പദ്ധതികളുടെ പ്രഖ്യാപനത്തിനും മാത്രമല്ല ബജറ്റെന്ന് രാജ്യം തിരിച്ചറിഞ്ഞു. രാജ്യത്തിന്റെ അസാമാന്യമായ വിഭവശേഷികളെ തിരിച്ചറിഞ്ഞ് അവയ്ക്ക് പ്രോത്സാഹനം നൽകുന്നതിന് വേണ്ട മുൻഗണനകൾ ഇത്തവണ ബജറ്റിലുണ്ടായി.

രാജ്യത്തിന്റെ നൂറാം സ്വാതന്ത്ര്യ ദിനമായ 2047നെ ലക്ഷ്യമിട്ടുള്ള ദർശന രേഖയായി ഇത്തവണ ബജറ്റ് പ്രഖ്യാപനങ്ങൾ മാറി. വ്യവസായ ലോകവുമായി രാജ്യത്തിന്റെ സമ്പദ് രംഗത്തെ ബന്ധിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി തലത്തിൽ തന്നെ സംഭാഷണങ്ങൾ ആരംഭിച്ചിരിക്കുകയാണ്. വിദഗ്ധർ, പ്രതിനിധികൾ, ധനകാര്യ സ്ഥാപനങ്ങൾ, കൺസൽറ്റന്റുമാർ തുടങ്ങി ഒൻപതിലേറെ മേഖലകളിലെ പ്രമുഖരുമായി പ്രധാനമന്ത്രി വെബിനാറുകൾ നടത്തി. ബജറ്റിന്റെ സമർത്ഥമായ നിർവഹണത്തിന് സ്വകാര്യ കമ്പനികളുടെ കൂടി സഹകരണം സാധ്യമാക്കുകയായിരുന്നു ഈ വെബിനാറുകളുടെ ലക്ഷ്യം.

## ബജറ്റ് നിർവഹണത്തിൽ സർക്കാരും വ്യവസായലോകവും തമ്മിൽ വിശ്വാസത്തിന്റെ ഒരു പുതിയ തുടക്കം

**0.4%**

**കൊറോണക്കാലത്തെ മൂന്നാംപാദത്തിൽ രാജ്യത്തിന്റെ ജിഡിപി**

**സാമ്പത്തിക സർവ്വേ പ്രകാരം**

**11%**

**2021–22ലെ പ്രതീക്ഷിക്കുന്ന ജിഡിപി വളർച്ചാ നിരക്ക്**






പ്രത്യേക ആശുപത്രികൾ, വെന്റിലേറ്ററുകൾ, എൻ-95 മാസ്ക്കുകൾ, പിപിഇ കിറ്റുകൾ എന്നിവയും ഒടുവിൽ വാക്സിൻ തന്നെയും ഭാരതം വികസിപ്പിച്ചെടുത്തു എന്നതാണ്. സ്വകാര്യ സംരംഭകൾക്ക് ആത്മവിശ്വാസം സർക്കാർ നൽകിയതോടെ അവരുടെ വളർച്ചയും രാജ്യത്തിന്റെ അഭിമാനവും ഉയർന്നു. ഈ പുതിയ വിശ്വാസവും പ്രതിച്ഛായയും എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് പ്രധാന ചിന്തയായി വന്നിരിക്കുന്നത്.

**പൊതു-സ്വകാര്യ മേഖലകൾക്കിടയിലെ പാലമായി സർക്കാർ**

സ്വാതന്ത്ര്യത്തിന് ശേഷം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് വളർച്ച ഉണ്ടായി എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ സമ്പദ് ഘടനയുടെ അടിസ്ഥാന ഘടനയിൽ വികസനവും ഏകോപനവും കൃത്യമായി നടന്നിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. സബ്കാ സാഥ്, സബ്കാ വികാസ്, സബ്കാ വിശ്വാസ് (എല്ലാവരുടേയും ഒപ്പം, എല്ലാവർക്കും വികസനം, എല്ലാവരുടേയും വിശ്വാസം) എന്ന മന്ത്രത്തിന്റെ സമർത്ഥമായ നടത്തിപ്പിനായി പ്രധാനമന്ത്രി നല്ല രീതിയിലുള്ള ഏകോപനമാണ് നടത്തുന്നത്. കമ്പനി നിയമത്തിലെ ഭേദഗതികൾ, തൊഴിൽ നിയമത്തിലെ ക്രിമിനൽസ്വഭാവം എടുത്തുകളയൽ, ബിസിനസ് കൂടുതൽ ലളിതമാക്കൽ എന്നീ നടപടികൾ വഴി സ്വകാര്യ മേഖലയ്ക്കുള്ള സംശയങ്ങൾ ഇല്ലാതാക്കാൻ സർക്കാരിനായി. ചരിത്രത്തിൽ ഇതാദ്യമായി രാജ്യത്തെ ഏറ്റവും ഉയർന്ന നേതൃത്വം തന്നെ മുൻകൈ എടുത്ത് വന്നതോടെ ബജറ്റ് അവതരണമെന്നത് വെറും ആചാരം മാത്രമല്ലാതായി മാറി.

**പ്രധാനമന്ത്രി പറഞ്ഞു: "കൊവിഡ് കാലത്ത് സ്വയംപര്യാപ്ത ഭാരതം എന്ന ലക്ഷ്യത്തിനായി ഇതിനകം തന്നെ അഞ്ച് മിനി ബജറ്റുകൾ കേന്ദ്രസർക്കാർ അവതരിപ്പിച്ചു കഴിഞ്ഞു. ഇപ്പോൾ പാർലമെന്റിൽ അവതരിപ്പിച്ച ബജറ്റും അവസാന ബജറ്റല്ല. തുടർ പ്രഖ്യാപനങ്ങൾ ഉണ്ടാവും".**

നേരത്തെ നികുതി ദായകരും വ്യവസായ ലോകവും കോർപ്പറേറ്റ് നികുതി, കസ്റ്റംസ് ഡ്യൂട്ടി, നികുതി ഘടനയിലെ മാറ്റങ്ങൾ എന്നിവയെപ്പറ്റി ആശങ്കപ്പെട്ടിരുന്നു എങ്കിൽ, ഇത്തരം സമീപനങ്ങളിൽ വലിയ മാറ്റമാണ് സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായങ്ങൾക്ക് ആഗോള വിപണി ഉണ്ടാക്കുന്നിനാവശ്യമായ പ്രോത്സാഹനം നൽകുന്ന തിനായി ഉൽപ്പാദന ബന്ധിത പ്രോത്സാഹനം (പിഎൽഐ) നടപ്പാക്കി. ഒരു ഡസനിലേറെ മേഖലകളിൽ കേന്ദ്രസർക്കാർ പിഎൽഐ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. പിഎൽഐ വഴിയാണ് വ്യവസായ മേഖലയുടെ മാനസികാവസ്ഥയിൽ തന്നെ വലിയ മാറ്റം വന്നത്. കൊവിഡ് കാലത്തു പോലും ഭാരതത്തിലേക്കുള്ള വിദേശ നിക്ഷേപം റെക്കോർഡ് സൃഷ്ടിച്ചതിന് കാരണം മറ്റൊന്നല്ല. ചെറുകിട, സൂക്ഷ്മ, ഇടത്തരം സംരംഭങ്ങളെ അടക്കം രാജ്യത്തെ ആഭ്യന്തര വ്യവസായങ്ങൾക്ക് വലിയ പിന്തുണയാണ് കേന്ദ്രസർക്കാർ നൽകുന്നത്. കൊവിഡ് കാലത്ത് ഇവർക്ക് ഉയരാനുള്ള അവസരം സർക്കാർ ഒരുക്കി. കൊവിഡ് കാലത്ത് വലിയ തിരിച്ചടി നേരിട്ട വാഹന നിർമ്മാണ മേഖല വൻതിരിച്ചുവരവാണ് പിന്നീട് നടത്തിയത്. സൊസൈറ്റി ഓഫ് ഇന്ത്യൻ മാനുഫാക്ചേഴ്സ് നടത്തിയ സർവേ പ്രകാരം യാത്രാവാഹനങ്ങളുടെ വിൽപ്പനയിൽ മുൻവർഷത്തെ അപേക്ഷിച്ച് 18 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നതെന്ന് കണ്ടെത്തി. ഓർഗനൈസേഷൻ ഓഫ് ഇക്കണോമിക് കോ-ഓപ്പറേഷൻ ആന്റ് ഡവലപ്മെന്റ് രാജ്യത്തിന്റെ ജിഡിപി വളർച്ചാ നിരക്ക് 12.6 ശതമാനമായി 2021-22ൽ ഉയരുമന്ന് പ്രതീക്ഷ പ്രകടിപ്പിക്കുന്നു.

## പിഎൽഐ: വലിയ കുതിച്ചുചാട്ടത്തിന് തയ്യാറെടുത്ത്



*പൊതു ബജറ്റും നയരൂപീകരണവും ഇനിയൊരിക്കലും വെറുമൊരു സർക്കാർ നടപടി മാത്രമായി ചുരുങ്ങില്ല. രാജ്യത്തിന്റെ വികസനത്തിന് എല്ലാവരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന നടപടികളാണ് സ്വീകരിക്കുന്നത്. സ്വയം നിയന്ത്രണം, സെൽഫ് അറ്റസ്റ്റിംഗ്, സെൽഫ് സർട്ടിഫിക്കേഷൻ തുടങ്ങിയ നയപരിപാടികളിലൂടെ പൗരന്മാരിൽ വിശ്വാസം പ്രകടിപ്പിക്കാനും ഉത്തരവാദിത്വം നൽകാനും സർക്കാരിന് സാധിച്ചു. പിഎൽഐ എന്ന പദ്ധതി തന്നെ ഇതിനായാണ് സർക്കാർ പ്രഖ്യാപിച്ചത്.*

## 13 മേഖലകൾക്കായി അഞ്ചുവർഷം കൊണ്ട് ബജറ്റിൽ 1.97 ലക്ഷം കോടി രൂപ അനുവദിച്ചു

- നേരത്തെ വ്യാവസായിക പ്രോത്സാഹനം എന്നത് വെറും വിവരങ്ങൾ കൈമാറലിൽ ഒതുങ്ങിയിരുന്നു. എന്നാൽ ഇപ്പോൾ 13 മേഖലകളിൽ സർക്കാരിന്റെ എല്ലാവിധ പിന്തുണയും ലക്ഷ്യ പൂർത്തീകരണത്തിന് ലഭിക്കുന്നുണ്ട്.
- ഭക്ഷ്യ സംസ്ക്കരണം, ടെക്സ്റ്റൈൽസ്, കൃഷി, ഐടി, ഓട്ടോ-ഫാർമസ്യൂട്ടിക്കൽസ് മേഖലകൾ, ഓട്ടോമൊബൈൽ മേഖലയിലെ വിദേശ ആശ്രയത്വം. മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകളുടെ അസംസ്കൃത വസ്തുക്കൾ എന്നീ മേഖലകളിലെല്ലാം പിഎൽഐ വന്നതോടെ സ്വാശ്രയത്വം നേടാനായി.
- തൊഴിലാളികളുടെ നൈപുണ്യം ഉയർത്തി ഊർജ്ജ മേഖലയുടെ ആധുനികവൽക്കരണം നടപ്പാക്കിയത് വലിയ കുതിച്ചു ചാട്ടമാണ്. ഉൽപാദനത്തിലെ അഞ്ചു ശതമാനം ഇൻസെന്റീവ് അടുത്ത അഞ്ചുവർഷം 520 ബില്യൺ ഡോളറിന്റെ ആകെ ഉൽപാദനം സൃഷ്ടിക്കും.
- 13 മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം പിഎൽഐ നടപ്പായതോടെ ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. ഇതു തൊഴിൽ ലഭ്യതയും ഉൽപാദനവും കയറ്റുമതിയും വർദ്ധിപ്പിക്കുന്നു.
- അടുത്ത നാലുവർഷത്തെ ഐടി ഹാർഡ് വെയർ മേഖലയുടെ ഉൽപാദനം മാത്രം 3.25 ലക്ഷം കോടി രൂപയാണ്. ഐടി ഹാർഡ് വെയർ മേഖലയുടെ ആഭ്യന്തര വളർച്ചയിൽ 20-25 ശതമാനം വരെ വർദ്ധനവുണ്ടായി.
- ഫാർമ ഉൽപ്പന്നങ്ങളുടെ വിൽപ്പനയിൽ അടുത്ത അഞ്ചാറു കൊല്ലം കൊണ്ട് 3 ലക്ഷം കോടി രൂപയുടെ വർദ്ധനവാണ് ലക്ഷ്യമിടുന്നത്. രണ്ടു ലക്ഷം കോടി രൂപയുടെ കയറ്റുമതിയുമുണ്ടാവും.

ക്രിസിൽ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 2021-22ൽ പിഎൽഐ പദ്ധതികൾ വഴി കേന്ദ്രസർക്കാർ അടിസ്ഥാന സൗകര്യ മേഖലയിൽ നടപ്പാക്കിയ നിക്ഷേപം സമ്പദ് രംഗത്തെ വലിയ തോതിൽ പ്രോത്സാഹിപ്പിക്കും എന്നാണ് പറയുന്നത്. അടുത്ത അഞ്ചുവർഷം 35-40 ലക്ഷം കോടി രൂപയുടെ വർദ്ധിത മൂല്യം പിഎൽഐ പദ്ധതികൾ വഴി നടപ്പാക്കാനാവും. ആത്മനിർഭര ഭാരതം, പ്രാദേശികതയ്ക്ക് വേണ്ടിയുള്ള ശബ്ദം എന്നിവ സാധാരണ ജനങ്ങളുടെ മനസ്സുകളെ ഏറെ സ്വാധീനിക്കും. പ്രാദേശിക ഉൽപ്പന്നങ്ങളിലുള്ള വിശ്വാസം ഏറെ വർദ്ധിക്കുന്നതിനൊപ്പം ജനങ്ങൾ അവയെ സ്വീകരിക്കുകയും ചെയ്യും. ചെറിയ സർക്കാർ പരമാവധി ഭരണം എന്ന രീതി ജനങ്ങൾക്ക് രാജ്യത്തോടുള്ള സമീപനത്തിൽ മാറ്റം കൊണ്ടുവന്നു.

### പുതിയ രീതികളിലേക്ക് എല്ലാവരെയും ക്ഷണിക്കുന്നു

രാഷ്ട്ര നിർമ്മാണത്തിന് എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കുന്ന ഉപകരണമായി ബജറ്റിനെ മാറ്റിത്തീർക്കുകയെന്നതാണ് കേന്ദ്രസർക്കാരിന്റെ കാഴ്ചപ്പാട്. എല്ലാ മേഖലകളിലെയും പ്രമുഖരുമായി സർക്കാർ ബജറ്റവതരണത്തിന് മുമ്പായി ചർച്ച നടത്തിയിരുന്നു. ബജറ്റ് അന്തിമമാക്കാൻ ഈ ചർച്ചകൾ ഏറെ സഹായിച്ചു. ബജറ്റിന് മുമ്പുള്ള ഇത്തരം ചർച്ചകൾ മാത്രമേ നമ്മുടെ രാജ്യത്ത് ഇതുവരെ നടന്നിട്ടുള്ളൂ. എന്നാൽ ഇതാദ്യമായി ബജറ്റവതരണത്തിന് ശേഷം ബജറ്റ് നിർവഹണം എങ്ങനെ വേണം എന്നതു സംബന്ധിച്ച ചർച്ചകളും സർക്കാർ സംഘടിപ്പിച്ചു. സർക്കാരിന്റെ വിപ്ലവകരമായ മാറ്റങ്ങൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാക്കുകളിൽ വ്യക്തമാണ്. രാജ്യത്തെ വ്യവസായ സമൂഹത്തിന് പൂർണ്ണ പിന്തുണ നൽകുകയന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ ഒരു വ്യവസായം നടത്തുകയും ലാഭകരമാക്കി കൊണ്ടുപോവുകയും എന്നത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ കാലത്ത് പ്രായോഗികമല്ല. അതിനാൽ തന്നെ ബിസിനസ് നടത്തിപ്പിൽ സർക്കാരുകൾക്ക് യാതൊരു പങ്കും ആവശ്യമില്ല എന്നേ ഞാൻ പറയൂ. സർക്കാർ ബിസിനസ് ആരംഭിക്കുമ്പോൾ നഷ്ടസാധ്യത വർദ്ധിക്കുന്നു". സർക്കാർ ബിസിനസ് ആരംഭിച്ചാൽ വിഭവശേഷിയുടെ അഭാവം പലമേഖലയിലും നേരിടുമെന്ന് ഇതാദ്യമായാണ് ഒരു സർക്കാർ വ്യക്തമാക്കുന്നത്.

## ഊർജ്ജ മേഖല: 'ആർ' ന്റെ നാലു തൂണുകൾ

*ജീവിതം കൂടുതൽ അനായാസകരമാക്കുന്നതിനും ബിസിനസ് കൂടുതൽ എളുപ്പമാക്കുന്നതിനും ഊർജ്ജമേഖലയുടെ പങ്ക് വളരെ വലുതാണ്. ഊർജ്ജമേഖലയിൽ കേന്ദ്രസർക്കാർ റീച്ച്(എത്തിച്ചേരൽ), റീഇൻഫോഴ്സ്(ദൃഢീകരണം), റിഫോംസ്(പരിഷ്കരണം), റിന്യൂവബിൾ (പുനരാരംഭം) എന്നിവയെയാണ് അടിസ്ഥാന മന്ത്രമായി സ്വീകരിച്ചിരിക്കുന്നത്.*



**നടപ്പു സാമ്പത്തിക വർഷം 2,500 കോടി രൂപയുടെ നിക്ഷേപം സൗരോർജ്ജ, പുനരുപയോഗ ഊർജ്ജ മേഖലകളിൽ**

- 21-ാം നൂറ്റാണ്ടിലും വൈദ്യുതി ലഭ്യമല്ലാതിരുന്ന ഗ്രാമങ്ങളുടെ വൈദ്യുതീകരണം സർക്കാർ നടപ്പാക്കുകയും അധിക വൈദ്യുതി എന്ന അവസ്ഥയിലേക്ക് ഊർജ്ജമേഖലയെ ഉയർത്തുകയും ചെയ്തു.
- ഉദയ് പദ്ധതിക്ക് കീഴിൽ 2.32 ലക്ഷം കോടി രൂപയുടെ പരിഷ്കരണങ്ങൾ നടപ്പാക്കി. ഇതാദ്യമായി ഊർജ്ജം എന്നത് ഒരു പൂർണ്ണ മേഖലയായി കണക്കാക്കി. വ്യവസായത്തിന്റെ ഭാഗമായി മാത്രമായിരുന്നു നേരത്തെ ഊർജ്ജമേഖലയെ പരിഗണിച്ചിരുന്നത്.
- ലോകം മുഴുവൻ പുനരുപയോഗ ഊർജ്ജത്തിൽ ഊന്നൽ നൽകുന്ന കാലമാണിത്. ഭാരതം പുനരുപയോഗ ഊർജ്ജത്തിന്റെ ശേഷി കഴിഞ്ഞ ആറുവർഷം കൊണ്ട് 2.5 ഇരട്ടിയാക്കി ഉയർത്തി.
- സോളാർ എനർജിയുടെ ശേഷി 15 ഇരട്ടിയാക്കി ഭാരതം വർദ്ധിപ്പിച്ചു. ആഗോള തലത്തിലെ സൗരോർജ്ജ മേഖലയിൽ ഭാരതം ഇന്ന് മുൻപന്തിയിലാണ്.
- അപിഎൽഐ പദ്ധതിയിൽ പെടുത്തി 10,000 മെഗാവാട്ടിന്റെ സംയോജിത സൗരോർജ്ജ നിർമ്മാണ പ്ലാന്റുകൾ നിർമ്മിക്കുകയും 14,000 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരികയും ചെയ്തു.
- പി എം കുസും പദ്ധതി വഴി 30 ജി.ഡബ്ല്യു സൗരോർജ്ജ ശേഷി കൈവരിക്കാനും അടുത്ത ഒന്നരവർഷം കൊണ്ട് മേൽക്കൂരകളിലെ സൗരോർജ്ജ പദ്ധതികൾ വഴി 40 ജി.ഡബ്ല്യു ശേഷി കൈവരിക്കാനുമാണ് ലക്ഷ്യം.

**അന്നദാതാവായ സൂര്യനെ ഊർജ്ജദാതാവാക്കി മാറ്റാൻ പിഎം കുസും പദ്ധതി ലക്ഷ്യമിടുന്നു**

തീരുമാനങ്ങളെടുക്കാനുള്ള നടപടിക്രമങ്ങളിലെ വലിയ തടസ്സങ്ങൾ പ്രശ്നമായി നിലനിന്നിരുന്നു. അവയെ നേരിടാൻ സർക്കാരുകൾക്ക് ധൈര്യവും കുറവായിരുന്നു. നിയമ നടപടികളെയാണ് എല്ലാവരും ഭയന്നിരുന്നത്. നിലവിലെ രീതി എങ്ങനെയാണോ അതുപോലെ തുടരട്ടെയെന്ന് ഉദ്യോഗസ്ഥരും കരുതി. നല്ല ഉദ്യോഗസ്ഥരുടെ കുറവ് സർക്കാരിനൊരിക്കലും ഇല്ലെന്ന് പ്രധാനമന്ത്രി പറഞ്ഞു. നയങ്ങളും നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ഭരണം നടത്താനാണ് അവർക്ക് പരിശീലനം ലഭിച്ചിരിക്കുന്നത്. ജനക്ഷേമ പദ്ധതികളുടെ നിർവഹണത്തിൽ അവർ വളരെ വൈദഗ്ധ്യം നേടിയവരാണ്. ദീർഘകാലം ജനങ്ങളുടെ ഇടയിൽ പ്രവർത്തിച്ച പരിചയവും അവർക്കുണ്ട്. എന്നാൽ ഇത്തരം ഉദ്യോഗസ്ഥരെ പൊതു മേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിനായി നിയോഗിക്കുമ്പോൾ അവരുടെ കഴിവിനോടും ആ സ്ഥാപനത്തോടുമുള്ള നീതികേടായി മാറുന്നു. ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്നതും ജനങ്ങളിൽ അനാവശ്യമായി സർക്കാർ ഇടപെടുന്നത് അവസാനിപ്പിക്കാനുമാണ് സർക്കാർ ശ്രദ്ധിക്കേണ്ടത്. വലിയ ഇടപെടലും വലിയ സ്വാധീനവും സർക്കാരിന് ജീവിതത്തിൽ ആവശ്യമില്ല.

## ആരോഗ്യ മേഖല:
## ആഗോള തലത്തിൽ ഭാരതത്തോടുള്ള വർദ്ധിക്കുന്ന വിശ്വാസം



*കൊറോണയെ തുടർന്ന് ലോകത്തിന്റെ ആരോഗ്യ രംഗം മുഴുവനും ഉറ്റുനോക്കുന്നത് ഭാരതത്തിലേക്കാണ്. ഭാരതത്തിന്റെ ആരോഗ്യ മേഖലയുടെ ശക്തിയെയും സമർപ്പണത്തെയും ലോകം മുഴുവനും ആദരവോടെ കാണുന്നു. ആരോഗ്യ മേഖലയോടുള്ള ബഹുമാനവും ആത്മവിശ്വാസവും വർദ്ധിച്ചത് തിരിച്ചറിഞ്ഞ സർക്കാർ പൊതു ബജറ്റിൽ ആരോഗ്യ മേഖലയെ അതിന്റെ പ്രധാന സ്തംഭമായി അവതരിപ്പിച്ചിരിക്കുന്നു. 137 ശതമാനത്തിന്റെ വർദ്ധനവും ആരോഗ്യ മേഖലയ്ക്ക് ബജറ്റിൽ നൽകി.*

### 2,23,846 കോടി രൂപയുടെ നീക്കിവെയ്പ്പാണ് ആരോഗ്യ-ക്ഷേമകാര്യത്തിനായി ബജറ്റിലുള്ളത്

- ആരോഗ്യ മേഖലയിലെ നിക്ഷേപം വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. ഇതാദ്യമായി നാലുവശങ്ങളിലേക്കും മുന്നോട്ട് പോകുന്ന ആരോഗ്യ മേഖലയെയാണ് കേന്ദ്രസർക്കാർ ആഗ്രഹിക്കുന്നത്.
- ശുചിത്വം വർദ്ധിപ്പിക്കുക, പ്രാഥമിക തലത്തിൽ തന്നെ രോഗങ്ങൾ പ്രതിരോധിക്കുകയും മികച്ചതും പണച്ചിലവ് കുറഞ്ഞതുമായ ചികിത്സ പാവങ്ങൾക്ക് നൽകുക, ഗുണമേന്മയും വൈവിധ്യമുള്ള ആളുകളേയും വർദ്ധിപ്പിക്കുക, ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമങ്ങൾ തുടങ്ങുക എന്നീ നാല് വശങ്ങളും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.
- മെഡിക്കൽ ഉപകരണങ്ങൾ മുതൽ മരുന്നുകൾ വരെയും വെന്റിലേറ്ററുകൾ മുതൽ വാക്സിനുകൾ വരെയും ഗവേഷണം മുതൽ രോഗ നിരീക്ഷണം വരെയുമുള്ള മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനം.
- പ്രധാനമന്ത്രി ആത്മനിർഭര സ്വച്ഛ് ഭാരത് യോജന വഴി പരിശോധന മുതൽ ചികിത്സ വരെ പുതിയ അന്തരീക്ഷം സൃഷ്ടിക്കാൻ ശ്രമിക്കുന്നു.
- 15-ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ മേഖലയ്ക്ക് 70,000 കോടി രൂപ ലഭിക്കും.
- പിഎൽഐ പദ്ധതി വഴി 41 മരുന്നുകൾക്ക് മരുന്ന് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നു.

ഫെബ്രുവരി അവസാന ദിനം ബജറ്റ് എന്നതിന് പകരം ഫെബ്രുവരിയിലെ ആദ്യ ദിനം ബജറ്റ് അവതരിപ്പിക്കാനുള്ള സുപ്രധാന പ്രഖ്യാപനം 2016ലെ കേന്ദ്രമന്ത്രിസഭാ യോഗം സ്വീകരിച്ചു.

ബജറ്റ് പരിഷ്ക്കരണങ്ങൾ രാജ്യത്തിന്റെ ദിശ മാറ്റുന്നു

"രാജ്യത്തിന്റെ സാമ്പത്തിക സംവിധാനങ്ങളെ ഒരു മാസം മുമ്പോട്ടാക്കാൻ ഞാൻ ശ്രമിക്കുന്നു"

ബജറ്റവതരണത്തിൽ പ്രത്യേകത കൊണ്ടുവരാൻ സർക്കാർ വിപ്ലവാത്മക നടപടികളാണ് സ്വീകരിച്ചത്. 2017-18 മുതൽ ഫെബ്രുവരി 28ന് പകരം ഫെബ്രുവരി 1-ാം തീയതിയാണ് പാർലമെന്റിൽ ബജറ്റ് അവതരിപ്പിക്കുന്നത്. അതിനാൽ തന്നെ ബജറ്റ് കൂടുതൽ നേരത്തെ പാസാക്കാൻ സർക്കാരിന് സാധിക്കുന്നു. നേരത്തെ ഫെബ്രുവരിയിലെ അവസാന പ്രവൃത്തി ദിനം ബജറ്റ് അവതരിപ്പിക്കുകയും സമ്പൂർണ്ണ ബജറ്റ് പ്രക്രിയ മെയ് മാസം രണ്ടാംവാരം വരെ നീണ്ടുപോവുകയും ചെയ്തിരുന്നു.

**പ്രധാനപ്പെട്ട ബജറ്റ് ചെലവുകളൊന്നും തന്നെ അതുവരെ നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടായിരുന്നു.**

സാമ്പത്തിക വർഷത്തിന്റെ ആദ്യ രണ്ടു മാസം പാർലമെന്റ് പാസാക്കുന്ന വോട്ട് ഓൺ അക്കൗണ്ട് വഴി കാര്യങ്ങൾ നടത്തേണ്ട അവസ്ഥ. പരിഷ്ക്കരണങ്ങൾ നടത്തിയതോടെ സാമ്പത്തികവർഷത്തെ ചെലവഴിക്കൽ 28 ശതമാനമായി വർദ്ധിച്ചു. ഈ ബജറ്റ് പരിഷ്ക്കരണം വഴി സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ മന്ത്രാലയങ്ങൾക്ക് ബജറ്റ് വിഹിതം ലഭിക്കാനും തുടങ്ങി.

## പ്രതിരോധമേഖല
### സ്വയംപര്യാപ്തതയിലേക്ക്



ലോകത്തിലെ ഏറ്റവും വലിയ പ്രതിരോധ ഇറക്കുമതി രാജ്യമാണ് ഭാരതം എന്ന വാർത്തകൾ പണ്ട് നാമെല്ലാവരും വായിച്ചിട്ടുണ്ടാവണം. എന്നാൽ കഴിഞ്ഞ വർഷം ലോകത്തിലെ ആയുധ കയറ്റുമതിക്കാരിലെ ആദ്യ 25ൽ ഭാരതം എത്തപ്പെട്ടു കഴിഞ്ഞു. പ്രതിരോധ നിർമ്മാണ മേഖലയിൽ ഭാരതത്തിന് വലിയ പാരമ്പര്യമുണ്ടെങ്കിലും സ്വാതന്ത്ര്യത്തിന് ശേഷം ആ മേഖലയെ ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ അധികം സ്വീകരിച്ചിരുന്നില്ല. എന്നാൽ ഇന്ന് ഭാരതം അതിന്റെ പ്രതിരോധ നിർമ്മാണ രംഗത്ത് വലിയ മുന്നേറ്റമാണ് കാഴ്ച വെയ്ക്കുന്നത്.

### 4.78 ലക്ഷം കോടി രൂപയുടെ പ്രതിരോധ ബജറ്റ്, 2014ൽ 2.29 കോടി രൂപയുടെ ബജറ്റ് വിഹിതമായിരുന്നു പ്രതിരോധ മേഖലയ്ക്ക്

- പ്രാദേശിക വ്യാവസായിക മേഖലയുടെ സഹകരണത്തോടെ ഭാരതം 100 പ്രതിരോധ ഇനങ്ങളുടെ നിർമ്മാണം ആരംഭിച്ചു. ആധുനിക യുദ്ധവിമാനമായ തേജസ് അടക്കം മികച്ച പ്രകടനമാണ് കാഴ്ചവെയ്ക്കുന്നത്.
- അടുത്തിടെ 48,000 കോടി രൂപയുടെ ഓർഡറാണ് തേജസ് വിമാനത്തിന് ലഭിച്ചത്. ലോകത്തിലെ നൂറിലേറെ രാജ്യങ്ങളിലേക്ക് ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ നാം നിർമ്മിക്കുന്നുണ്ട്.
- സ്വകാര്യ മേഖലയുടെ പങ്കാളിത്തമില്ലാതെ പ്രതിരോധ ഉൽപ്പാദന മേഖലയിൽ വികസന അന്തരീക്ഷം സൃഷ്ടിക്കാൻ രാജ്യത്തിനാവില്ല. തമിഴ്നാട്ടിലും യുപിയിലും ആരംഭിച്ച രണ്ട് പ്രതിരോധ ഇടനാഴികൾ, 74 ശതമാനം വിദേശ നിക്ഷേപ അനുമതി, ഡീ ലൈസൻസിംഗ്, ഡീ റെഗുലേഷൻ, കയറ്റുമതി പ്രോത്സാഹനം എന്നീ നയങ്ങളും രാജ്യം സ്വീകരിച്ചു.
- ഇതാദ്യമായി മൂലധന ചിലവ് 19 ശതമാനം വർദ്ധിപ്പിച്ചു. ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് എന്ന പദവി കൊണ്ടുവന്നതോടെ പരീക്ഷണങ്ങൾക്കും വാങ്ങലുകൾക്കും എല്ലാം ഐക്യരൂപം വന്നു.
- എംഎസ്എംഇകൾക്ക് പ്രതിരോധ ഉൽപ്പാദന മേഖലകളിൽ കൂടുതൽ സ്വാതന്ത്ര്യം നൽകി. കണ്ടുപിടുത്തങ്ങൾക്കും ഗവേഷണത്തിനും രൂപകൽപ്പനയ്ക്കും സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം.

**പ്രതിരോധ ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയിൽ 2016നും 2020നും ഇടയിൽ ഉണ്ടായത് 33 ശതമാനത്തിന്റെ കുറവ്**

ബജറ്റ് പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സമീപനം വളരെ വ്യക്തമാണ്. "വളരെ നല്ല മാറ്റമാണിത്. അതങ്ങനെ തന്നെ തുടരണം. ഇതു നടപ്പാക്കിയാൽ ഏറെ മികച്ചത്... ആ കാലം അവസാനിച്ചിരിക്കുന്നു. വളരെ വേഗത്തിൽ പുതിയ തീരുമാനങ്ങൾ നടപ്പാക്കേണ്ടതുണ്ട്. നമുക്ക് ബജറ്റ് ഒരുമാസം നേരത്തെ ആക്കണം. രാജ്യത്തിന്റെ സമ്പദ് രംഗത്തെ ഒരു മാസം നേരത്തെയാക്കാൻ ഇതുവഴി സാധിക്കും". ബജറ്റ് നിർവഹണവുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിലെ വിദഗ്ധരുമായി പ്രധാനമന്ത്രി നടത്തിയ സംഭാഷണ പരമ്പരകളിലും ഈ കാര്യം അദ്ദേഹം പറഞ്ഞു. നേരത്തെ ബജറ്റ് നടപ്പായി വരുമ്പോഴേക്കും മേയ് മാസം കഴിഞ്ഞിരിക്കും. ജൂണിൽ മഴക്കാലം കൂടി ആരംഭിക്കുന്നതോടെ എല്ലാ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും സപ്തംബർ വരെ സ്തംഭിക്കും. ഏപ്രിൽ മുതൽ സപ്തംബർ വരെയുള്ള കാലയളവാണ് അടിസ്ഥാന സൗകര്യ വികസനത്തിന് ഏറ്റവും സുപ്രധാന കാലഘട്ടം. ബജറ്റ് ഒരുമാസം ദീർഘിപ്പിക്കുന്നതോടെ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലത്ത് സാമ്പത്തിക പ്രവൃത്തികൾ ഏറെ വർദ്ധിച്ചിട്ടുണ്ട്. ഏപ്രിൽ ഒന്നു മുതൽ എല്ലാ പദ്ധതികൾക്കും തുടക്കമിടണമെന്ന കാഴ്ചപ്പാടിലാണ് കേന്ദ്രസർക്കാർ.

# വിദ്യാഭ്യാസ മേഖല:

## കണ്ടുപിടുത്തം, ഗവേഷണം നൈപുണ്യം



*വിദ്യാഭ്യാസ മേഖലയുടെ അന്തരീക്ഷത്തിൽ സമൂല മാറ്റത്തിനാണ് പുതിയ വിദ്യാഭ്യാസ നയത്തിലൂടെ കേന്ദ്രസർക്കാർ തുടക്കമിട്ടിരിക്കുന്നത്. വിദ്യാഭ്യാസം, ഗവേഷണം, കണ്ടുപിടുത്തം എന്നിവയ്ക്കാണ് ആരോഗ്യ രംഗത്തിന് പുറമേ ഈ ബജറ്റിൽ സർക്കാർ ഊന്നൽ നൽകിയിരിക്കുന്നത്. വിദ്യാഭ്യാസത്തെ നൈപുണ്യ വികസനവുമായി ബന്ധപ്പെടുത്തിയിരിക്കുകയാണ് പുതിയ ബജറ്റിൽ എന്നതും ഏറെ ശ്രദ്ധനേടി.*

### 93,223.65 കോടി രൂപ വിദ്യാഭ്യാസ മേഖലയ്ക്ക് അനുവദിച്ചു

- സ്കൂളുകളിൽ അടൽ ഇന്നവേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും അടൽ തിങ്കറിംഗ് ലാബുകൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തുടങ്ങുന്നതിനും പ്രത്യേക ഊന്നൽ. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് വഴി ഗവേഷണം പ്രോത്സാഹിപ്പിക്കാൻ 50,000 കോടി രൂപ പ്രഖ്യാപിച്ചു.
- യുവാക്കൾക്കും വ്യവസായത്തിനും വലിയ ശക്തിയായി സ്റ്റാർട്ടപ്പ് ഹാക്കത്തോണുകൾ നടപ്പാക്കി. പരിമിതമായ അറിവും ഗവേഷണവും രാജ്യത്തിന്റെ മത്സര ക്ഷമതയെ ബാധിക്കുന്നതാണ്. ബഹിരാകാശം, ആണവോർജ്ജം, ഡിആർഡിഒ, കൃഷി തുടങ്ങിയ നിരവധി മേഖലകൾ കഴിവുള്ള യുവജനങ്ങൾക്കായി തുറന്നു നൽകും.
- ബഹിരാകാശ ശാസ്ത്രവും സ്ഥലസംബന്ധിയായ വിവരങ്ങളും സംബന്ധിച്ച മേഖലയിൽ പരിഷ്ക്കരണങ്ങൾ വഴി കണ്ടുപിടുത്തങ്ങളുടെ പുതിയ വഴി തുറന്നു. ബയോ ടെക്നോളജി മേഖലയിലെ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്നു.
- ഹൈഡ്രജൻ വാഹനങ്ങൾ രാജ്യം പരീക്ഷിച്ചു. ഗതാഗതത്തിനും മറ്റുമായി ഹൈഡ്രജന്റെ ആവശ്യങ്ങൾ വർദ്ധിക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ- ഗവേഷണ സ്ഥാപനങ്ങളുടെ വലിയ ശൃംഖല വരുന്നതോടെ ഗവേഷണം, കണ്ടുപിടുത്തം, നൈപുണ്യ വികസനം എന്നിവ വർദ്ധിക്കും.

ദുരന്തകാലത്തിന് ശേഷം ചരിത്രപരമായ ബജറ്റ് തയ്യാറാക്കാനായത് സർക്കാരിന്റെ തയ്യാറെടുപ്പുകളുടെ ഫലമായാണ്. നവഭാരതത്തിന്റെ അടിത്തറ ശക്തിപ്പെടുത്താനും രാജ്യത്തെ സാമ്പത്തിക ശക്തിയാക്കിത്തീർക്കാനും ബജറ്റ് സഹായിക്കും.

**പൊതു ബജറ്റ് പ്രതിഫലിപ്പിച്ചത് രാജ്യത്തിന്റെ വികാരം**

പുതിയ സാമ്പത്തിക വർഷത്തെ ബജറ്റിനോടുള്ള ജനങ്ങളുടെ അനുകൂല പ്രതികരണങ്ങൾ രാജ്യത്തിന്റെ ആകെ വികാരമായി കാണുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി വിശേഷിപ്പിച്ചു. രാജ്യത്തെ യുവാക്കളുടെ മനസ്സ് വികസനത്തിനായുള്ള രാജ്യത്തിന്റെ അഭിവാഞ്ഛയെ കാണിക്കുന്നു. അപ്രതീക്ഷിതമായി ലഭിച്ച അവസരത്തെ പാഴാക്കാതെ സർക്കാർ മുന്നോട്ട് പോയി. അതിന്റെ ഭാഗമായി ആദ്യമായി വിവിധ

**കൊവിഡ് മഹാവ്യാധിക്ക് ശേഷം, സ്വയംപര്യാപ്ത രാജ്യമായിത്തീരാനുള്ള അവസരം ഭാരതത്തിന് കൈവന്നു.**

മേഖലകളിലെ പ്രമുഖരുമായി പ്രധാനമന്ത്രി തന്നെ ബജറ്റിന് ശേഷം ചർച്ചകൾ നടത്തി. വ്യാവസായിക മേഖല നേരിടുന്ന തടസ്സങ്ങൾ മാറ്റുകയെന്ന ലക്ഷ്യവും സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ഉദ്ദേശവും സർക്കാരിനുണ്ടായി.



> **ഇതിങ്ങനെ ആയിരുന്നെങ്കിൽ നന്നായിരുന്നു. നമ്മൾ ഇങ്ങനെ ചെയ്തിരുന്നു എങ്കിൽ നല്ലതായിരുന്നു ഇങ്ങയൊക്കെ പറയേണ്ട സമയം കഴിഞ്ഞു. ചെയ്യേണ്ട കാര്യങ്ങൾ നമുക്ക് വേഗത്തിൽ നടപ്പാക്കണം.**
> **പ്രധാനമന്ത്രി നരേന്ദ്ര മോദി**

എല്ലാമേഖലകളിലെയും പ്രതിനിധികളുമായി നേരിട്ട് സംവദിക്കുന്നതുകൊണ്ട് പലഗുണങ്ങളുണ്ട്. ബജറ്റിന്റെ കാര്യഗൗരവം അവർക്ക് കൂടുതൽ മനസ്സിലാക്കാനും അവസാന വ്യക്തിയിൽവരെ അതു ചെന്നെത്തിക്കാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കാനും ഇത് സഹായിക്കും. അടിസ്ഥാനസൗകര്യം, ഊർജ്ജം, സാമ്പത്തിക സ്രോതസ്സുകളുടെ ഏകീ കരണം, ആരോഗ്യസംരക്ഷണത്തിന്റെ ആവശ്യം, പ്രതിരോധ മേഖലയിലെ സ്വയംപര്യാപ്തത, സാമ്പത്തിക സേവനങ്ങൾ, കൃഷിയും കർഷകരും, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഭാവിയിലേക്കുള്ള മാർഗരേഖ ബജറ്റവതരിപ്പിച്ച് രണ്ടാഴ്ചക്ക് ശേഷം നടത്തിയ വെബിനാർ പരമ്പരകളിൽ പ്രധാനമന്ത്രി ചർച്ച ചെയ്തിരുന്നു. സ്വന്തം കഴിവും ശേഷിയും ഉപയോഗപ്പെടുത്താൻ ഓരോ മേഖലയ്ക്കും സർക്കാർ എത്രത്തോളം പിന്തുണയും സ്വാതന്ത്ര്യവും നൽകുന്നുണ്ട് എന്നറിയേണ്ടതും വളരെ പ്രധാനമാണ്.

### തന്ത്രപ്രധാനമായ ഒഴിവാക്കൽ: വിഭവങ്ങളുടെ സ്വരുക്കൂട്ടൽ

'ധനസമ്പാദനവും നവീകരണവും' എന്ന മന്ത്രത്തെ അടിസ്ഥാനമാക്കിയാണ് സർക്കാർ മുന്നോട്ട് പോകുന്നത്. രാജ്യത്തെ ജനങ്ങളെ ശാക്തീകരിക്കാൻ ഈ നയത്തിന് കഴിയും. സ്വാതന്ത്ര്യത്തിന് ശേഷം അപ്പോഴത്തെ ആവശ്യങ്ങൾക്കനുസരിച്ച് രൂപീകൃതമായ പൊതുമേഖല സ്ഥാപനങ്ങളിൽ പലതും ഇപ്പോൾ നഷ്ടത്തിലാണ്. അവയിൽ പലതിനും പൊതുപണത്തിന്റെ പിന്തുണ ആവശ്യമുണ്ട്. ഇത് സമ്പദ് വ്യവസ്ഥയ്ക്ക് ഭാരമാണ്. ഇത്തവണത്തെ ബജറ്റിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഒപ്പം പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനുമുള്ള കൃത്യമായ മാർഗരേഖയുണ്ട്. സർക്കാരിന്റെ ജോലി ബിസിനസ് നടത്തിപ്പല്ലെന്ന് പ്രധാനമന്ത്രി നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കാരിന് വിഭവങ്ങൾ പരിമിതമായതുകൊണ്ടാണ് അത്തരത്തിലൊരു നയത്തിലേക്ക് പ്രധാനമന്ത്രി എത്താൻ കാരണം.

# കാർഷിക മേഖല:

## സമഗ്ര സമീപനം കാലത്തിന്റെ ആവശ്യം

### ബജറ്റിൽ കാർഷികമേഖലയ്ക്കായി മാറ്റിവച്ചിരിക്കുന്നത് 1.28 ലക്ഷം കോടി

*കൃഷിയിൽ അടിസ്ഥാനമായൊരു രാജ്യമാണ് ഭാരതം.അപാരമായ ശേഷി ഈ മേഖലയ്ക്കുണ്ട്.അങ്ങനെയാണെങ്കിലും 65,70000 കോടിയുടെ ഭക്ഷ്യഎണ്ണയാണ് നാം ഇറക്കുമതി ചെയ്യുന്നത്. ഈ വിരോധാഭാസം മറികടക്കാനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്.ധാന്യങ്ങളുടെ ഉദാഹരണം നമുക്ക് മുമ്പിലുണ്ട്. ആവശ്യത്തിന് ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള ശേഷി നമുക്കുണ്ടായിരുന്നിട്ടും അവ ഇറക്കുമതി ചെയ്ത് ഉപയോഗിച്ചിരുന്നതായിരുന്നു നമ്മുടെ ശീലം.നയം മാറിയതോടെ ധാന്യങ്ങളുടെ ഇറക്കുമതിയിൽ വളരെ വലിയ കുറവുണ്ടായി.കാർഷിക മേഖലയിൽ മികച്ച പൊതു സ്വകാര്യ പങ്കാളിത്തത്തിന് സാഹചര്യമുണ്ട്.*

### ഗ്രാമങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ഫണ്ട് 40,000കോടി രൂപയായി ഉയർത്തിയിട്ടുണ്ട്

**ഓപ്പറേഷൻ ഗ്രീൻ പ്രകാരം പച്ചക്കറി കളുടെയും പഴങ്ങളുടെയും കടത്തിന് 50 ശതമാനം സബ്സിഡി നൽകി വരുന്നു.**

മത്സ്യം, പാൽ, തേൻ എന്നീവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനായുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതാദ്യമായി ചെറുകർഷകരെയും പാലകരെയും മത്സ്യതൊഴിലാളിക ളെയും കിസാൻ ക്രെഡിറ്റ് കാർഡുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

- ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ 12 കോടി ചെറുകിട കർഷകരുടെ പങ്കാളിത്തം വളരെ പ്രധാനമാണ്.രാത്രിയും പകലും ഒരുപോലെ പണിയെടുക്കുന്ന ഇവർക്ക് അർഹിക്കുന്ന പരിഗണന ലഭിക്കുന്നില്ല.
- കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും വിൽപ്പനകേന്ദ്രങ്ങളിലെത്തുന്നതിന് മുമ്പുതന്നെ കേടായിപോവുന്നത് പതിവായിരുന്നു.ഇതിനു പരിഹാരമായി 300 കിസാൻ റെയിലുകൾ ഓപ്പറേഷൻ ഗ്രീൻ പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ചു.കൂടാതെ 50 ശതമാനം സബ്സിഡിയും നൽകുന്നു.
- അഗ്രികൾച്ചർ ക്രഡിറ്റ് ടാർഗറ്റ് 16.50 ലക്ഷം കോടിയായി സർക്കാർ ഉയർത്തി.രാജ്യത്തെ 1000 ചന്തകളെയും കൂടി ഇ-നാമുമായി ബന്ധിപ്പിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.
- ഫാർമേഴ്സ് പ്രൊഡ്യൂസർ അസോസിയേഷന്റെയും എപിഎംസി മണ്ഡികളുടെയും ശൃംഖലകൾ ശക്തമാക്കും.ഭക്ഷ്യസംസ്കരണത്തിലാണ് സർക്കാർ ഇപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്.

കുറച്ചു സർക്കാർ കൂടുതൽ ഭരണം എന്ന തത്വത്തിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സർക്കാർ ആകെയുള്ള 100 പൊതുമേഖല സ്ഥാപനങ്ങളുടെയും ആസ്തി വിറ്റഴിക്കാനുള്ള ലക്ഷ്യം മുന്നോട്ടുവയ്ക്കുന്നു. 4 തന്ത്രപ്രധാന മേഖലകളെ വിറ്റഴിക്കലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.100 പൊതുമേഖല സ്ഥാപനങ്ങളിലെ വിറ്റഴിക്കൽ വഴി 2.5 ലക്ഷം കോടി രൂപയോളം സമാഹരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. നിക്ഷേപകരുടെയും പണം മുടക്കുന്നവരുടെയും ആത്മവിശ്വാസവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രഥമ പരിഗണനയാണ് നൽകുന്നത്. സാമ്പത്തിക മേഖലയെ ശക്തമാക്കാൻ ലക്ഷ്യമിട്ട ബജറ്റ് സാധാരണ വിടുകളിലെ സാമ്പത്തിക സുരക്ഷ,സർക്കാർ പദ്ധതികളുടെ അർഹമായ വിതരണം, അടിസ്ഥാനസൗകര്യ മേഖലയുമായി ബന്ധപ്പെട്ട നിക്ഷേപം എന്നിവയെ പ്രോൽസാഹി പ്പിക്കുന്നു. ഇതിന്റെ ഭാഗമായി സർക്കാർ നയംമാറ്റവും വരുത്തി.സാമ്പത്തിക സഹായം നൽകുന്നതിന് പകരം ഉൽപ്പാദനത്തെ പ്രോൽസാഹി പ്പിക്കുക എന്നതാണത്.അതുവഴി ആഗോള വിപണിയിൽ ഭാരതത്തിന് പ്രത്യേക ഐഡന്റിറ്റിയും ആത്മവിശ്വാസവും ഉണ്ടാക്കിയെടുക്കാനും ആരോഗ്യകരമായ മൽസരം കാഴ്ചവെയ്ക്കാനും കഴിയുന്നു.

ഇതൊരു അസാധാരണമായ പരീക്ഷണമാണ്. ഇടപെടൽ കുറച്ച് സ്വന്തം ജനങ്ങളുടെ കഴിവിലും ശേഷിയിലും വിശ്വാസമർപ്പിക്കുകയാണ് സർക്കാർ. കൊറോണയ്ക്ക് ശേഷമുള്ള പരിതസ്ഥിതിയിൽ സർക്കാറിന് പുതിയ അവസരങ്ങളാണ്. സ്വയംപര്യാപ്തതയെന്ന സ്വപ്നത്തി ലേക്ക് ജനങ്ങൾ ആര്യഷ്ടരായി ക്കഴിഞ്ഞു. സ്വകാര്യ മേഖലയെ പ്രധാന ആധാരമാക്കാനാണ് സർക്കാർ തീരുമാനം. ആത്മനിർഭര ഭാരതത്തിനായി സ്വകാര്യ മേഖലയ്ക്കും നിരവധി സംഭാവനകൾ നൽകാൻ കഴിയും. ■



# പരിസ്ഥിതി സൗഹൃദ ഗതാഗത സംവിധാനത്തിലേക്കുള്ള മുന്നേറ്റം

ആരോഗ്യകരമായ ജീവിതത്തിനുള്ള ഏറ്റവും അത്യാവശ്യ ഘടകമാണ് വൃത്തിയുള്ള പരിസ്ഥിതി. അതുകൊണ്ട് തന്നെ ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് പരിസ്ഥിതി സംരക്ഷണം. സൂക്ഷ്മപരിശോധന ഇല്ലാതെയുള്ള പ്രകൃതി വിഭവങ്ങളുടെ ചൂഷണം നമ്മുടെ രാജ്യത്തെ പരിസ്ഥിതിക്ക് ഭീഷണിയായിക്കഴിഞ്ഞു. പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ടാണ് കേന്ദ്രസർക്കാർ ഇലക്ട്രിക്ക് വാഹനങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നത്. ഇതിനായി ഫെയിം ഇന്ത്യ എന്ന പേരിൽ ഒരു പ്രധാന പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രകൃതിയിൽ നിന്നും വേണ്ടത് മാത്രമെടുക്കാനാണ് ഭാരതത്തിന്റെ പാരമ്പര്യം നമ്മെ പഠിപ്പിച്ചിട്ടുള്ളത്. നാം വിശ്വസിക്കുന്നത് പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിലാണ്. പ്രകൃതിയുമായി സമാധാനപരമായും സ്വരച്ചേർച്ചയിലും നിലനിന്നുപോവുന്നതാണ് പരമ്പരാഗതമായി ഭാരത സംസ്കാരത്തിന്റെ പ്രത്യേകത.

പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ അചഞ്ചലവും വ്യക്തവും സജീവമുമായ നിലപാടാണ് ഭാരതം എന്നും സ്വീകരിച്ചിട്ടുള്ളത്.

# ഫെയിം ഇന്ത്യ പദ്ധതിയുടെ ആവശ്യകത എന്ത്:

## മൂന്ന് കാര്യങ്ങൾകൊണ്ട് ഫെയിം ഇന്ത്യ പദ്ധതി ആവശ്യമാണ്

**ഒന്ന് :**
രാജ്യത്താകമാനം പ്രത്യേകിച്ചും വലിയ നഗരങ്ങളിൽ അന്തരീക്ഷ മലിനീകരണത്തിനുള്ള പ്രധാന കാരണം ഡീസൽ പെട്രോൾ വാഹനങ്ങളിൽ നിന്നുള്ള മലിനീകരണമാണ്.

**61** പഠന റിപ്പോർട്ട് പ്രകാരം ആകെയുള്ള അന്തരീക്ഷ മലിനീകരണത്തിന്റെ 61 ശതമാനം

**രണ്ട് :**
ലോകത്തിൽ ഫോസിൽ ഇന്ധനങ്ങളിലോടുന്ന വാഹനങ്ങളുടെ നാലാമത്തെ ഏറ്റവും വലിയ ഉൽപ്പാദകരാണ് ഭാരതം.

കഴിഞ്ഞ ദശാബ്ദത്തിൽ രാജ്യത്തെ അത്തരം വാഹനങ്ങളുടെ എണ്ണം പലമടങ്ങായി.

**മൂന്ന് :**
ഫോസിൽ ഇന്ധനങ്ങളായ ഡീസൽ പെട്രോൾ എന്നിവയുടെ ഉപയോഗത്തിൽ ലോകത്തിൽ ഭാരതത്തിന് മൂന്നാം സ്ഥാനം

ആവശ്യത്തിന്റെ 83 ശതമാനവും ഇറക്കുമതി ചെയ്യുന്നു.

- ഫെയിം ഇന്ത്യ പദ്ധതി പ്രഖ്യാപനത്തിന് പിന്നിൽ ഈ കാരണങ്ങളാണ്. അതോടൊപ്പം അനിയന്ത്രിതമായ അന്തരീക്ഷ മലിനീകരണം തടയാനായി യൂറോ-6 എമിഷൻ നിലവാരമാണ് സർക്കാർ പിന്തുടരുന്നത്. അതിന്റെ ഭാഗമായി 2020 ഏപ്രിൽ 1 മുതൽ ബിഎസ് 4 മാറ്റി ബിഎസ് 6 നിലവിൽ വന്നു.

# ഫെയിം ഇന്ത്യ പദ്ധതി

- 2015-17 ലായിരുന്നു ഫെയിം ഇന്ത്യയുടെ ആദ്യ ഘട്ടം. ഇലക്ട്രിക്ക് വാഹനങ്ങളുടെ പൊതുസ്വീകാര്യത വർദ്ധിപ്പിക്കുകയായിരുന്നു ഈ ഘട്ടത്തിന്റെ ലക്ഷ്യം.
- ഫെയിം ഇന്ത്യ പദ്ധതിക്ക് 2 ഘട്ടങ്ങൾ: ഒന്നാം ഘട്ടം 2019 മാർച്ച് 31 നു അവസാനിച്ചു. രണ്ടാം ഘട്ടം 2019 ഏപ്രിൽ 1 നു തുടങ്ങി മാർച്ച് 31 2022 വരെ നീളുന്നു. രാജ്യം 75 ാമത് സ്വാതന്ത്ര്യ ദിനം ആഘോഷിക്കുമ്പോൾ റോഡുകളിൽ ഭൂരിപക്ഷവും ഉണ്ടാവേണ്ടത് ഇലക്ട്രിക് വാഹനങ്ങളാകണമെന്നും അതുവഴി അന്തരീക്ഷ മലിനീകരണം നിയന്ത്രണ വിധേയമാകണമെന്നുമാണ് ലക്ഷ്യമിട്ടിരുന്നത്. അന്തരീക്ഷ മലിനീകരണം നിയന്ത്രണ വിധേയമാകുന്നതോടെ പൊതുജനാരോഗ്യവും വർദ്ധിക്കും.
- പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 359 കോടി രൂപ ചിലവിൽ 2,80,987 ഹൈബ്രിഡ്, ഇലക്ട്രിക് വാഹനങ്ങൾക്ക് ആവശ്യം വർദ്ധിപ്പിച്ച് പിന്തുണ നൽകി. ഇതുകൂടാതെ വിവിധ നഗരങ്ങളിൽ ഓടിക്കാനായി വൻകിട വ്യവസായ മന്ത്രാലയം 280 കോടിരൂപ ചിലവിൽ 425 ഇലക്ട്രിക് ഹൈബ്രിഡ് ബസുകൾ അനുവദിച്ചു. 7000 ഇ-ബസുകൾ, 5 ലക്ഷം ഇ-മുച്ചക്ര വാഹനങ്ങൾ, 55000 ഇ-യാത്രാ കാറുകൾ, 10 ലക്ഷം ഇ-ഇരുചക്രവാഹനങ്ങൾ എന്നിവയ്ക്ക് ഫെയിം ഇന്ത്യ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പിന്തുണ നൽകുമെന്ന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്.
- ഗ്രീൻ ഹൗസ് ഗ്യാസ് പുറംതള്ളലും അന്തരീക്ഷ മലിനീകരണം കുറയ്ക്കലുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതി പ്രകാരം ഡീസൽ പെട്രോൾ വാഹനങ്ങൾക്ക് പകരം ഹൈബ്രിഡ് ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാനുള്ള അടിസ്ഥാനസൗകര്യം രാജ്യത്താകമാനം ലഭ്യമാക്കും.
- ഫെയിം ഇന്ത്യ പദ്ധതി കാരണം 52,794 ലിറ്റർ ഇന്ധനം നമുക്കൊരു ദിവസം സംരക്ഷിക്കാൻ കഴിയുന്നുണ്ട്









**₹10,000** കോടി രൂപ. ഫെയിം ഇന്ത്യ രണ്ടാം ഘട്ടം സബ്സിഡിക്കായി അനുവദിച്ചു

**₹5,500** കോടി രൂപ. ഫെയിം ഇന്ത്യ ഒന്നാം ഘട്ടത്തിൽ സബ്സിഡി

ഫെയിം ഇന്ത്യ ഒന്നാം ഘട്ടം തുടങ്ങിയതുമുതൽ ഇതുവരെ **50** മില്യൺ ലിറ്റർ ഇന്ധനം മിച്ചംപിടിക്കാൻ കഴിഞ്ഞു

മലിനീകരണ മുക്തമായ ഗതാഗതം ജനങ്ങൾക്ക് നൽകാൻ ഉദ്ദേശിച്ചാണ് ഫെയിം ഇന്ത്യ പദ്ധതി ആരംഭിച്ചത്. പദ്ധതിക്ക് ജനങ്ങളിൽ നിന്നുമാത്രമല്ല വിദഗ്ദരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചു വരുന്നത്. അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനായി ആദ്യം ചെയ്യേണ്ടത് ശുദ്ധമായ പെട്രോളും ഡീസലും ലഭ്യമാക്കലാണ്. അതുകൊണ്ടാണ് നമ്മൾ ബിഎസ് 6 ആരംഭിച്ചത്. ഇപ്പോൾ രാജ്യത്തെ എല്ലാ വാഹനങ്ങളും ബിഎസ് -6 ആണ്. അതുവഴി മലിനീകരണം 75-80 ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞു.



**പ്രകാശ് ജാവദേക്കർ** കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ഖനവ്യവസായം, പബ്ലിക്ക് എന്റർപ്രൈസസ് മന്ത്രി.

## വിജയകഥ സ്ഥിതിവിവരകണക്കുകളിലൂടെ

**3.37** ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ ഇതുവരെ വിൽപ്പന നടത്തി

കാർബൺ ഡൈ ഓക്സൈഡ് പുറംതള്ളലിൽ കുറവ് വരുത്തി

**20,05,91,605 kg**

കാർബൺ ഡൈ ഓക്സൈഡ് പുറംതള്ളലിൽ പ്രതിദിന കുറവ്

**1,30,835 kg**

**6,690**
ഇലക്ട്രിക് ബസുകൾ അനുവദിച്ചു

**3,397**
രാജ്യത്താകമാനം ഇ - ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു

ഉത്തേജനമായി രൂപ 3,59,58,08,700

**2,80,830**
സബ്സിഡി ആവശ്യങ്ങൾ ഇതുവരെ


**56,499**
രണ്ടാം ഘട്ടത്തിൽ വിൽപ്പന നടന്ന ഇലക്ട്രിക് വാഹനങ്ങൾ

(2021 ഫെബ്രുവരി 26 വരെയുള്ള കണക്ക്.)

**8,06,46,229**
പദ്ധതി തുടങ്ങിയതുമുതൽ ഇതുവരെ മിച്ചം പിടിച്ച ഇന്ധനം

37 കമ്പനികളുടെ 107 മോഡൽ ഇരുചക്ര വാഹനങ്ങൾ, മുച്ചക്ര വാഹനങ്ങൾ നാല് ചക്രവാഹനങ്ങൾ എന്നിവയ്ക്ക് 7500 മുതൽ 2.5 ലക്ഷം രൂപവരെ സബ്സിഡി ലഭിക്കും.

**Rs 7,500 to Rs 2.5 Lakh**



വളരുന്ന അന്തരീക്ഷ മലിനീകരണം നാം നേരിടുന്ന വലിയ വെല്ലുവിളിയാണ്. ഫോസിൽ ഇന്ധനങ്ങളിൽ ഓടുന്ന വാഹനങ്ങളാണ് മലിനീകരണ ത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന്. ഇതിന് പരിഹാരം കണ്ടെത്താനാണ് 2015 ഏപ്രിൽ 1 നു ഫെയി ഇന്ത്യ (ഫാസ്റ്റർ അഡോപ്ഷൻ ആൻഡ് മാനുഫാക്ച്ചറിംഗ് ഓഫ് ഹൈബ്രിഡ് ആന്റ് ഇലക്ട്രിക്ക് വെഹിക്കിൾ) പദ്ധതി ആവിഷ്ക്കരിച്ചത്. ദേശീയ ഇലക്ട്രിക്ക് മൊബിലിറ്റി മിഷന്റെ ഭാഗമായാണ് പദ്ധതി.

**ബിഎസ് - 6: സ്തുത്യർഹമായ ഒരു വർഷം**

ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട് പ്രകാരം അന്തരീക്ഷ മലിനീകരണം കാരണം ലോകത്ത് ഓരോ വർഷവും 70 ലക്ഷം പേർക്ക് ജീവൻ നഷ്ടപ്പെടുന്നുണ്ട്. അന്തരീക്ഷ മലിനീകരണം തടയാൻ ലക്ഷ്യമിട്ടാണ് കേന്ദ്രസർക്കാർ കഴിഞ്ഞ വർഷം ഏപ്രിൽ 1 മുതൽ ഭാരത് സ്റ്റേജ് എമിഷൻ സ്റ്റാർഡേർഡ് നോംസ് എന്ന ബിഎസ് നിലവാരം കൊണ്ടുവന്നത്. യൂറോപ്യൻ മാനദണ്ഡങ്ങൾക്കനുസരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും കേന്ദ്ര മലിനീകരണ ബോർഡുമാണ് ഇതിന്റെ നിലവാരം നിശ്ചയിക്കുന്നത്.

# ഫെയിം ഇന്ത്യ പദ്ധതിയെക്കുറിച്ചുള്ള ചോദ്യങ്ങളും ഉത്തരങ്ങളും

Q&A

**പദ്ധതിയുടെ ഗുണഫലം നമുക്കെങ്ങനെ ലഭിക്കും?**

ഒരാൾ ഇലക്ട്രിക് വാഹനം വാങ്ങുമ്പോൾ സർക്കാർ ആ വാഹനത്തിന് നൽകിയ ഇൻസെന്റീവിന് തുല്യമായ തുക വാഹനം വാങ്ങുന്ന ആൾക്ക് ഡിസ്കൗണ്ടായി ലഭിക്കും.

Q&A

**രാജ്യത്താകമാനം ഫെയിം ഇന്ത്യ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ?**

ഉവ്വ്. ആദ്യഘട്ടം പൈലറ്റ് പദ്ധതിയായാണ് നടപ്പാക്കിയത്. ഇപ്പോൾ ഇത് രാജ്യത്താകമാനം നടപ്പിലാക്കി വരികയാണ്. ഇരു ചക്ര വാഹനങ്ങൾക്കും മുച്ചക്ര വാഹനങ്ങൾക്കും മാത്രമല്ല നാല് ചക്ര വാഹനങ്ങൾക്കും ഇൻസെന്റീവുണ്ട്.

Q&A

**വാണിജ്യാവശ്യങ്ങൾക്കായി വാങ്ങുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് ഇൻസെന്റീവിന് അർഹതയുണ്ടോ?**

ടാക്സി ആയി ഓടിക്കുന്ന യാത്രാ കാറുകൾക്ക് സബ്സിഡി ലഭിക്കും.സ്വകാര്യ ആവശ്യത്തിനായുള്ള ഇരുചക്ര വാഹനങ്ങൾക്ക് മാത്രമാണ് സബ്സിഡിയുള്ളത്.

Q&A **കോർപ്പറേറ്റ് കമ്പനികൾക്ക് ഈ സബ്സിഡിക്ക് അർഹതയുണ്ടോ?**

ഉണ്ട്.കോർപറേറ്റുകൾക്കും അല്ലാത്ത സ്ഥാപനങ്ങൾക്കും സബ്സിഡിക്ക് അർഹതയുണ്ട്.

Q&A **ഒന്നിൽ കൂടുതൽ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നവർക്ക് സബ്സിഡി ലഭിക്കുമോ?**

ഉവ്വ്. എത്ര വാഹനം വാങ്ങുന്നോ, അത്രയും വാഹനങ്ങൾക്ക് സബ്സിഡി ലഭിക്കും

Q&A **ഫെയിം ഇന്ത്യ പദ്ധതിക്ക് കീഴിലെ സബ്സിഡി ലഭിക്കാനായി നമ്മുടെ ഡീസൽ/ പെട്രോൾ വാഹനങ്ങൾ വിൽക്കേണ്ടതുണ്ടോ?**

വേണ്ട. നിലവിൽ അത്തരമൊരു നിബന്ധനയില്ല.

Q&A **വിപണിയിൽ ലഭ്യമായ ഇലക്ട്രിക്/ഹൈബ്രിഡ് വാഹനങ്ങൾ ഓടിക്കാൻ സുരക്ഷിതമാണോ?**

ഫെയിം ഇന്ത്യ പദ്ധതിക്ക് കീഴിൽ തിരഞ്ഞെടുക്കപ്പെട്ട വാഹനങ്ങളെല്ലാം നിലവാരം കർശനമായി പാലിക്കുന്നതും ഓടിക്കാൻ എല്ലാ അർത്ഥത്തിലും സുരക്ഷിതവുമാണ്.

Q&A **സബ്സിഡി എങ്ങനെയാണ് കണക്കാക്കുന്നത്?**

ടാക്സിയായി ഉപയോഗിക്കുന്ന യാത്രാ കാറുകൾക്ക് മാത്രമാണ് സബ്സിഡി. എക്സ് ഷോറൂം വില 15 ലക്ഷത്തിൽ കുറവുള്ളവയ്ക്കാണ് സബ്സിഡിക്ക് അർഹത്. ബാറ്ററിയുടെ ശേഷി അനുസരിച്ചാണ് സബ്സിഡി. ബസുകൾക്ക് കിലോവാട്ടിന് 20,000 രൂപ നിരക്കിലും മറ്റു വാഹനങ്ങൾക്ക് കിലോവാട്ടിന് 10,000 രൂപ നിരക്കിലുമാണ് സബ്സിഡി.

Q&A **ഫെയിം ഇന്ത്യ രണ്ടാം ഘട്ടത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് നൽകുന്ന സബ്സിഡി എത്രയാണ്?**

55000 ഇലക്ട്രിക് കാറുകൾക്ക് 2.5 ലക്ഷം രൂപയും ഇരുപതിനായിരം ഹൈബ്രിഡ് കാറുകൾക്ക് ഇരുപതിനായിരം കോടിയും സബ്സിഡിയായി നൽകും. ഇതുകൂടാതെ 10 ലക്ഷം ഇരുചക്ര വാഹനങ്ങൾക്കും 5 ലക്ഷം മുച്ചക്ര വാഹനങ്ങൾക്കും 7000 ബസുകൾക്കും ഈ പദ്ധതിക്ക് കീഴിൽ സബ്സിഡി ലഭിക്കും. ലിഥിയം അയേൺ ബാറ്ററിയോ അല്ലെങ്കിൽ നവീന സാങ്കേതിക വിദ്യയിലുള്ള ബാറ്ററിയോ ഉള്ളവയ്ക്ക് മാത്രമാണ് സബ്സിഡി ലഭിക്കുക.

1991 ൽ ഭാരതത്തിൽ തുടക്കകാലത്ത് പെട്രോൾ വാഹനങ്ങൾ മാത്രമായിരുന്നു ഉൾപ്പെട്ടിരുന്നത്. ഭാരത് സ്റ്റാൻഡേർഡ് വന്നത് 2002 ലാണ്. 2005 ൽ ബിഎസ് - 2,2006 ൽ ബിഎസ് - 3,2010 ൽ ബിഎസ് - 4. അന്തരീക്ഷ മലിനീകരണം അതിഭീകരമായ തോതിൽ വർദ്ധിച്ചതിനാലാണ് ബിഎസ് 5 ഇല്ലാതെ നേരിട്ട് ബിഎസ് - 6 ലേക്ക് സർക്കാർ എത്തിയത്. കഴിഞ്ഞ വർഷം ഡൽഹിയിലായിരുന്നു ബിഎസ് - 6 ന്റെ തുടക്കം.

**പുതിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്?**

- പുതിയ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് പുതിയ കാർ എഞ്ചിനുകളുടെ രൂപകൽപ്പന. പ്രത്യേകിച്ച് കംബസ്റ്റൺ ചേംബറിന്റെ. ഹാനികരമായ വാതകങ്ങൾ പുറംതള്ളുന്നത് ഒഴിവാക്കുന്ന രീതിയിലായിരിക്കണം ചേംബർ രൂപകൽപ്പന. അതിനനുസരിച്ച് ഇന്ധനത്തിലും മാറ്റങ്ങൾ വരും.
- ബിഎസ് - 6 സ്റ്റാൻഡേർഡ് പ്രകാരം പിഎം 2.5 പർട്ടിക്കുലേറ്റ് മാറ്റർ 20 നും 40 നും ഇടയിലുള്ള എംജിസിഎമ്മിൽ ആയിരിക്കണം.ബിഎസ് - 4 ൽ ഇത് 120 എംജിസിഎം ആയിരുന്നു.
- ബിഎസ് - 4 പ്രകാരം 50 മില്ലിഗ്രാം/കിലോഗ്രാം സൾഫർ ഇന്ധനത്തിൽ അനുവദിനീയമായിരുന്നു. ബിഎസ് - 6 ൽ ഇത് 10 മില്ലിഗ്രാം/കിലോഗ്രാം ആണ്.
- 2020 ഏപ്രിൽ 1 നു ശേഷം ബിഎസ് - 6 സ്റ്റാൻഡേർഡ് വാഹനങ്ങൾക്കു മാത്രമാണ് രാജ്യത്ത് വിൽപ്പനയ്ക്ക അനുമതിയുള്ളത്. ■



# ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്ക് ധനസഹായം

രാജ്യത്തിന്റെ സാമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും സമൃദ്ധിക്കും ഏറ്റവും നല്ല ഉപായമാണ് ചെറുകിട സംരംഭകർക്കുള്ള പിന്തുണ.കഴിഞ്ഞ 6 വർഷമായി അത്തരം നിരവധി ചെറുകിട സംരംഭകരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയാണ് പ്രധാനമന്ത്രി മുദ്ര യോജന. ഇതുവരെ സ്ത്രീകളും യുവാക്കളും ഉൾപ്പെടെ 28 കോടി ആളുകൾ ഈ പദ്ധതിയുടെ ഗുണഫലം നേടിക്കഴിഞ്ഞു. കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും മാറി നിൽക്കാനും വിജയകഥ രചിക്കാനും ഈ പദ്ധതി അവരെ സഹായിച്ചു.

“ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്ക് അതു ലഭ്യമാക്കുക (ഫണ്ടിംഗ് അൺഫണ്ടഡ്) എന്നതാണ് മുദ്ര യോജനയുടെ ലക്ഷ്യം.രാജ്യത്തെ ചെറുകിട സംരംഭർ പണം പലിശക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നത് പതിവായിരുന്നു.പക്ഷേ മുദ്ര ഒരു പുതിയ ആത്മവിശ്വാസം അവരിൽ നിറച്ചു.രാഷ്ട്രനിർമ്മാണത്തിനായി വലിയ സംഭാവനകൾ നൽകുന്ന അവരുടെ പരിശ്രമങ്ങളെ പിന്തുണയ്ക്കാൻ രാജ്യമുണ്ട് എന്നുള്ള ആത്മവിശ്വാസം അവരിൽ നിറയ്ക്കാൻ മുദ്രയ്ക്ക് കഴിയും.

**പ്രധാനമന്ത്രി**
**നരേന്ദ്ര മോദി**

മധ്യപ്രദേശിലെ ബൻഖേഡി സ്വദേശിയായ പ്രമോദ് ശർമ്മയ്ക്ക് ഒരു ചെറിയ കട ഉണ്ടായിരുന്നു.കടയിൽ നിന്നുള്ള വരുമാനം കൊണ്ട് കുടുംബത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ പ്രമോദിന് കഴിഞ്ഞിരുന്നില്ല. പ്രധാനമന്ത്രി മുദ്ര യോജനപ്രകാരം വായ്പയെടുത്ത് കട വലുതാക്കാൻ പ്രമോദ് തീരുമാനിച്ചു. 9 ലക്ഷം രൂപ വായ്പയെടുത്ത പ്രമോദ് അതുവച്ച് ബിസിനസ് വികസിപ്പിച്ചു. ഇപ്പോൾ പ്രമോദിന്റെ ജീവിത നിലവാരം ഉയർന്നു എന്നുമാത്രമല്ല, 4 പേർക്ക് തൊഴിൽ നൽകാനും അദ്ദേഹത്തിന് സാധിച്ചു. വായ്പയെടുത്ത് 10 മാസത്തിനുള്ളിൽ 50 ലക്ഷത്തിലധികം ടേൺ ഓവർ നേടാൻ പ്രമോദിന് കഴിഞ്ഞു.

അത്തരത്തിൽ നിരവധി ആളുകൾക്ക് മുദ്ര യോജന സഹായമായിട്ടുണ്ട്. റായ്പൂരിൽ നിന്നുള്ള രാജ്കുമാരി വെർമ്മയുടേതാണ് മറ്റൊരു വിജയ കഥ. രാജ്കുമാരിയുടെ പച്ചക്കറി കട തീപിടുത്തത്തിൽ നശിച്ചുപോയി. മുദ്രയോജനയിൽ വായ്പയ്ക്ക് അപേക്ഷിച്ച് രാജ്കുമാരിക്ക് 4 ലക്ഷം രൂപ ലഭിച്ചു. ആ പണം കൊണ്ട് അവർ കടയും ജീവിതവും പുനർനിർമ്മിച്ചു. രാജ്യത്ത്ാകമാനം പരിശോധിച്ചാൽ ഇത്തരത്തിൽ നിരവധി കഥകൾ നമുക്ക് കാണാൻ കഴിയും.ഇതെല്ല്ാം സാധ്യമായത് കേന്ദ്രസർക്കാറിന്റെ കൃത്യമായ ദർശനം കാരണമാണ്. പ്രധാനമന്ത്രി പറഞ്ഞിട്ടുണ്ട്, 'യുവജനതക്ക് എന്തെങ്കിലും കാര്യം ചെയ്യണമെന്ന് തോന്നിയാൽ അവരുടെ മനസ്സിൽ ആദ്യം വരുന്ന ചോദ്യം പണം എവിടെ നിന്നും ലഭിക്കും എന്നതാണ് ? പണത്തിന്റെ ആ ഉറപ്പാണ് സർക്കാർ മുദ്ര യോജനയിലൂടെ നൽകുന്നത് '.

## മൂന്ന് വിഭാഗങ്ങളായാണ് മുദ്ര വായ്പ്പ

### എന്താണ് മുദ്ര യോജന

സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ളവർക്കും വരുമാന മാർഗം നൽകുക എന്ന ലക്ഷ്യത്തോടെ 2015 ഏപ്രിൽ 8 നാണ് മുദ്രയോജന ആരംഭിച്ചത്.ചെറുകിട അല്ലെങ്കിൽ മൈക്രോ യൂണിറ്റുകൾക്ക് ഇത് 10 ലക്ഷം രൂപവരെ വായ് നൽകും.രാജ്യത്തെ മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ ക്രമീകരിക്കുക എന്നതും മുദ്രയോജനയുടെ ലക്ഷ്യമാണ്.

- **ശിശു**: 50000 വരെ
- **കിഷോർ** : 50000 മുതൽ 5 ലക്ഷം വരെ
- **തരുൺ** : 5 ലക്ഷം മുതൽ 10 ലക്ഷം വരെ

### മുദ്രയ്ക്കുള്ള യോഗ്യത

കാർഷികേതര മേഖലയിൽ ബിസിനസ് പദ്ധതിയുള്ള ഏതൊരു ഇന്ത്യൻ പൗരനും മുദ്ര വായ്പക്കായി അപേക്ഷിക്കാം.പരമാവധി 10 ലക്ഷം രൂപവരെ വായ്പയായി ലഭിക്കും. ബാങ്കുകൾ,മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ,ബാങ്കിതര ഫിനാൻസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മുദ്ര വായ്പ ലഭിക്കും.

### ഗുണഫലങ്ങൾ എങ്ങനെ നേടണം

മുദ്ര വെബ്സൈറ്റിലുള്ള ഏതൊരു സ്ഥാപനത്തെയും വായ്പക്കായി സമീപിക്കാം www.udyamimitra.in വെബ്സൈറ്റിൽ ഓൺലൈനായും അപേക്ഷ നൽകാം.

## ചെറുകിട ബിസിനസ്കാർക്ക് വലിയ പിന്തുണ

- പദ്ധതി നിലവിൽ വന്ന് കഴിഞ്ഞ മാസം 8 വരെ 28.36 കോടി വായ്പകൾ അനുവദിച്ചിട്ടുണ്ട്. അതിൽ ഫെബ്രുവരി 26 വരെയുള്ള കണക്കുകൾ പ്രകാരം 70 ശതമാനവും അനുവദിച്ചിരിക്കുന്നത് വനിതാ സംരംഭകർക്കാണ്.
- ഈ വായ്പകൾ നൽകിയിരിക്കുന്നത് വാണിജ്യ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, ചെറുകിട ഫിനാൻസ് ബാങ്കുകൾ, മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ, ബാങ്കിതര ഫിനാൻസ് സ്ഥാപനങ്ങൾ എന്നിവയാണ്.
- വായ്പയ്ക്കായുള്ള നടപടിക്രമങ്ങൾ ബാങ്കുകൾ ലഘൂകരിച്ചിട്ടുണ്ട്.
- മുദ്ര വായ്പകൾക്ക് ഈട് ആവശ്യമില്ല.തിരിച്ചടവിനുള്ള പരമാവധി കാലാവധി 5 വർഷമാണ്.
- ചെറുകിട നിർമ്മാണ യൂണിറ്റുകൾ, സേവന മേഖലയിലെ യൂണിറ്റുകൾ, കച്ചവടക്കാർ,ട്രക്ക് ഓപ്പറേറ്റർമാർ, ഭക്ഷ്യ വിതരണ യൂണിറ്റുകൾ, റിപ്പെയർ കടകൾ, മെഷീൻ ഓപ്പറേറ്റർമാർ, ചെറിയ വ്യവസായങ്ങൾ, കരകൗശല തൊഴിലാളികൾ, ഭക്ഷ്യസംസ്കരണം നടത്തുന്നവർ തുടങ്ങിയവർക്ക് മുദ്രയോജന പ്രകാരം വായ്പയ്ക്ക് അപേക്ഷിക്കാം.
- മുദ്ര യോജന പ്രകാരം നൽകിയിട്ടുള്ള വായ്പകളിൽ 88 ശതമാനവും ശിശു വിഭാഗത്തിലുള്ളവയാണ്.

| സാമ്പത്തിക വർഷം | അനുവദിച്ച വായ്പകൾ | അനുവദിച്ച തുക | വിതരണം ചെയ്ത തുക |
|---|---|---|---|
| 2015-16 | 3.49 Crore | ₹1,37,449.27 | ₹1,32,954.73 |
| 2016-17 | 3.97 Crore | ₹1,80,528.54 | ₹1,75,312.13 |
| 2017-18 | 4.81 Crore | ₹2,53,677.10 | ₹2,46,437.40 |
| 2018-19 | 5.99 Crore | ₹3,21,722.79 | ₹3,11,811.38 |
| 2019-20 | 6.23 Crore | ₹3,37,495.53 | ₹3,29,715.03 |
| 2020-21 | 3.88 Crore | ₹2,47,662.88 | ₹2,33,274.67* |

തുക കോടിയിൽ Rupees Source:mudra.org.in

*അവസാന വിവരം 2020-21 സാമ്പത്തിക വർഷത്തേത്.

ഈട് നൽകാൻ കഴിവുള്ളവർക്ക് മാത്രം ബാങ്ക് വായ്പ ലഭിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇതായിരുന്നു പിന്നാക്കകാരും പാവപ്പെട്ടവരും നേരിട്ട് പ്രതിസന്ധി. പലിശക്കാരിൽ നിന്നും ചെറിയ തുക വായ്പയായി വാങ്ങുന്നതായിരുന്നു രീതി. ഇപ്പോൾ 15 ലക്ഷം കോടിയിലധികം രൂപ ചെറുകിട സംരംഭകർക്കാണ് നൽകിയിരിക്കുന്നത്. മുദ്രയുടെ 50 ശതമാനം ഗുണഭോക്താക്കൾ പട്ടികജാതി പട്ടികവർഗ ഒബിസി വിഭാഗ ത്തിലുള്ളവരാണ്. ■

### മുദ്ര വായ്പയ്ക്കായി എങ്ങിനെ അപേക്ഷിക്കാം

- മുദ്ര വെബ്സൈറ്റിൽ നിന്നും അപേക്ഷ ഫോം ഡൗൺലോഡ് ചെയ്ത് വിവരങ്ങൾ പൂരിപ്പിക്കുക.
- തൊട്ടടുത്തുള്ള ബാങ്ക് ശാഖയിൽ പോയി ബാങ്ക് നൽകുന്ന് അപേക്ഷ പൂരിപ്പിച്ച് നൽകുക.
- പേര് വിലാസം തുടങ്ങി സകല കാര്യങ്ങളും നമ്മൾ പൂരിപ്പിച്ച് നൽകണം.എല്ലാ രേഖകളുടെയും ഫോട്ടോ കോപ്പികൾ ബാങ്കിൽ സമർപ്പിക്കണം.
- അപേക്ഷയും രേഖകളുമെല്ലാം വിശദമായി പരിശോധിച്ച ശേഷം അതിൽ തീരുമാനമെടുക്കും. അപേക്ഷ നൽകി ഒരു മാസത്തിനുള്ളിൽ വായ്പ അപേക്ഷിച്ച വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കും.



# ആരോഗ്യ മേഖലയ്ക്കായി അസാധുവാകാത്ത കരുതൽ നിധി

*വികസന പ്രവർത്തനങ്ങളുടെ യഥാർത്ഥ ഫലസിദ്ധിക്ക് ആരോഗ്യം സുപ്രധാന ഘടകമാണ്. ജനസംഖ്യയുടെ ആയുസിൽ ഒരുവർഷത്തെ ശരാശരി വർദ്ധനവ് ഉണ്ടാകുമ്പോൾ ആളോഹരി ജിഡിപി ഉയരുന്നത് നാലു ശതമാനമാണ്. ആരോഗ്യ മേഖലയിലെ നിക്ഷേപങ്ങൾ വർദ്ധിക്കുന്നതു മൂലം സ്ത്രീകൾക്ക് അടക്കം വൻതോതിൽ തൊഴിലവസരങ്ങളുണ്ടാവുന്നു. 2018ലെ കേന്ദ്രബജറ്റിൽ കേന്ദ്രധനമന്ത്രി ആയുഷ്മാൻ ഭാരത് പദ്ധതി പ്രഖ്യാപിച്ചു. മൂന്നു ശതമാനം വിദ്യാഭ്യാസ സെസ് നാലുശതമാനം ആരോഗ്യ- വിദ്യാഭ്യാസ സെസ്സായും ഉയർത്തിയിരുന്നു. ഇപ്പോൾ സർക്കാരെടുത്ത തീരുമാനം അനുസരിച്ച് ആരോഗ്യ സെസ് പ്രത്യേക ഫണ്ടാക്കി മാറ്റിവെയ്ക്കുകയും ആരോഗ്യ മേഖലയിലെ ആവശ്യങ്ങൾക്കായി ചെലവഴിക്കുകയും ചെയ്യും.*



**തീരുമാനം:** ആരോഗ്യ- വിദ്യാഭ്യാസ സെസ് വഴി ലഭിക്കുന്ന തുകയിലെ ആരോഗ്യ മേഖലയ്ക്കുള്ള തുകയെ അസാധുവാകാത്ത കരുതൽ നിധിയാക്കി മാറ്റി പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ നിധി രൂപീകരിക്കാൻ കേന്ദ്രമന്ത്രിസഭായോഗം തീരുമാനിച്ചു.

**പ്രയോജനങ്ങൾ:**

- സാർവ്വജനീകവും താങ്ങാനാവുന്നതുമായ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന തുക സാമ്പത്തിക വർഷത്തിന്റെ അവസാനം പാഴായിപ്പോകുന്ന അവസ്ഥ ഇല്ലാതായി.
- പൊതു അക്കൗണ്ടിൽ പാഴായിപ്പോകാത്ത കരുതൽ നിധിയായി ആരോഗ്യ മേഖലയ്ക്ക് എന്നും പണമുണ്ടാകും എന്നർത്ഥം.
- ആരോഗ്യ സെസിലൂടെ വരുന്ന തുക പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ നിധി (പിഎംഎസ്എസ്എൻ) യിൽ നിക്ഷേപിക്കപ്പെടും.
- പിഎംഎസ്എസ്എന്നിൽ കിടക്കുന്ന തുക കേന്ദ്രആരോഗ്യ മന്ത്രാലയത്തിന്റെ സുപ്രധാന പദ്ധതികളിൽ വിനിയോഗിക്കും.
- ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന(എബി- പിഎംജെഎവൈ)
- ആയുഷ്മാൻ ഭാരത് - ആരോഗ്യ, ക്ഷേമ കേന്ദ്രങ്ങൾ
- ദേശീയ ആരോഗ്യ ദൗത്യം.
- പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന
- ആരോഗ്യ അടിയന്തിരാവസ്ഥയിലെ അടിയന്തിര- ദുരന്ത തയ്യാറെടുപ്പുകളും പ്രതികരണങ്ങളും
- 2017ലെ ദേശീയ ആരോഗ്യ നയത്തിനും സർക്കാരിന്റെ സുസ്ഥിര വികസന പദ്ധതികൾക്കും ആവശ്യമായ മറ്റു പദ്ധതികൾക്കും തുക വിനിയോഗിക്കും. ■



# ജനങ്ങൾക്ക് സേവനവുമായി ജൻഔഷധി കേന്ദ്രങ്ങൾ

പ്രധാനമന്ത്രി ഭാരതീയ ജൻഔഷധി പരിയോജന (പിഎംബിജെപി) വിവിധ പ്രായത്തിലുള്ള ജനങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കാൻ ലക്ഷ്യമിട്ടുള്ള സംവിധാനമാണ്. കുട്ടികൾ മുതൽ മുതിർന്നവർ വരെയും വനിതകൾ മുതൽ പ്രായമായവർ വരെയും ഇതിന്റെ പ്രയോജനങ്ങൾ ഉൾക്കൊള്ളുന്നു. താങ്ങാനാവുന്ന വിലയ്ക്ക് മരുന്നുകൾ നൽകുന്നതാണ് പദ്ധതി. പദ്ധതിയുടെ വിപുലീകരണം ലക്ഷ്യമിട്ട് രാജ്യത്തെ 7,500-ാമത് ജൻഔഷധി കേന്ദ്രത്തിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി അടുത്തിടെ നിർവഹിച്ചു.

"ഉയർന്ന രക്ത സമ്മർദ്ദം, പ്രമേഹം, ഹൃദയ സംബന്ധിയായ പ്രശ്നങ്ങൾ എന്നിവ മൂലം വിഷമതകൾ അനുഭവിക്കുകയായിരുന്നു ഞാൻ. അതിനാൽ തന്നെ പ്രതിമാസം അയ്യായിരം രൂപ മുതൽ ആറായിരം രൂപ വരെ എനിക്ക് മരുന്നിന് മാത്രം ചെലവ് വരുന്നുണ്ടായിരുന്നു. എന്നാൽ ജൻഔഷധി കേന്ദ്രങ്ങൾ തുറന്നതോടെ ആ മരുന്നുകൾ എല്ലാം തന്നെ എനിക്ക് 800-1000 രൂപയ്ക്കുള്ളിൽ കിട്ടുന്നുണ്ട്", ഹിമാചൽ പ്രദേശിലെ സരോഗ് ഗ്രാമത്തിൽ നിന്നുള്ള കൃഷ്ണ വെർമ്മ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ദൈവതുല്യനായി വിശേഷിപ്പിക്കുന്നു.

2014ന് ശേഷം പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും വേണ്ടി വലിയ വിപ്ലവമാണ് ജൻഔഷധി കേന്ദ്രങ്ങളിലൂടെ കേന്ദ്രസർക്കാർ സൃഷ്ടിച്ചത്. അവശ്യമരുന്നുകൾ ലഭിക്കാതെ ആരും മരണപ്പെടരുതെന്ന ലക്ഷ്യം മുൻനിർത്തി പാവപ്പെട്ടവർക്കായി ആരംഭിച്ച പദ്ധതിയാണ് ജൻഔഷധി കേന്ദ്രങ്ങൾ. 2021 മാർച്ച് 7ന് മൂന്നാം ജൻഔഷധി ദിനത്തോടനുബന്ധിച്ചു ഷില്ലോങ്ങിലാണ് 7,500-ാമത് കേന്ദ്രം ഉദ്ഘാടനം ചെയ്തത്. ആറുവർഷം മുമ്പ് ഇത്തരത്തിലുള്ള നൂറു കേന്ദ്രങ്ങൾ പോലും രാജ്യത്തില്ലായിരുന്നുവെന്നും അതിനാൽ തന്നെ 7,500-ാമത് കേന്ദ്രം എന്നത് വളരെ പ്രധാനപ്പെട്ടതാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു. എത്രയും വേഗം തന്നെ പതിനായിരം എന്ന ലക്ഷ്യത്തിലേക്കാണ് നാം കടക്കുന്നതെന്നും നരേന്ദ്രമോദി പറഞ്ഞു. ■


## പാവപ്പെട്ടവർക്ക് സഹായം

- മെട്രോ നഗരങ്ങൾ മുതൽ ഉൾ ഗ്രാമങ്ങളിൽ വരെ7,500 ജൻഔഷധി കേന്ദ്രങ്ങൾ സ്ഥാപിച്ചു.
- 1,400 ലേറെ മരുന്നുകൾ, സാനിറ്ററി പാഡുകൾ, സൂചികൾ, 204 ശസ്ത്രക്രിയാ ഉപകരണങ്ങൾ എന്നിവ പൊതുവിപണിയേക്കാൾ അമ്പതു മുതൽ 90 ശതമാനം വരെ വിലക്കുറവിൽ ഇവിടെ ലഭിക്കും.
- രാജ്യത്തെ പത്തുലക്ഷത്തോളം രോഗികൾക്കായി കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള മരുന്നുകൾ നൽകിയതോടെ രോഗികളുടെ 9,000 കോടി രൂപയാണ് ലാഭിച്ചു നൽകാൻ കഴിഞ്ഞത്.
- ലോകാരോഗ്യ സംഘടനയും ജിഎംസിയും അംഗീകരിച്ച ഗുണമേന്മയുള്ള മരുന്നുകളാണ് കേന്ദ്രങ്ങളിലൂടെ നൽകുന്നത്.
- എൻഎബിഎൽ ലാബുകളിലെ വിശദ പരിശോധനകൾക്ക് ശേഷമാണ് ജൻഔഷധി കേന്ദ്രങ്ങളിലൂടെ മരുന്നുകൾ വിൽപ്പന നടത്തുന്നത്.

## ജൻഔഷധി കേന്ദ്രം: എല്ലാവർക്കും സംരക്ഷണം



ജൻഔഷധി ബച്ച്പന് കീഴിൽ കുട്ടികൾക്ക് ഡയപ്പറുകൾ



ഗർഭിണികളായ സ്ത്രീകൾക്ക് ആവശ്യമായ പോഷകങ്ങൾ ഉറപ്പാക്കാൻ ജൻഔഷധി ജനനി



ജൻഔഷധി സ്വാഭിമാന് കീഴിൽ മുതിർന്നവർക്കായി ഡയപ്പറുകൾ



പുകയില ലഹരിയിൽ നിന്നും മുക്തരാകാനായി ജൻഔഷധി നിർമ്മൽ ഉൽപ്പന്നങ്ങൾ



സ്റ്റെന്റുകൾ,മുട്ട് മാറ്റിവയ്ക്കാനുള്ളവ,കാൻസർ മരുന്നുകൾ എന്നിവയുടെ വിലനിയന്ത്രണത്തിലൂടെ ജനങ്ങൾക്ക് 5,066 കോടി ലാഭിക്കാൻ കഴിഞ്ഞു



ജൻഔഷധിയിൽ നിന്നും മരുന്നുകൾ വാങ്ങുക വഴി ജനങ്ങൾക്ക് 9000 കോടി ലാഭിക്കാൻ കഴിഞ്ഞു

**കൊറോണയ്ക്കെതിരായ യുദ്ധം**

# വാക്സിൻ മൈത്രി

## ലോകത്തിന് ഭാരതത്തിന്റെ ഉത്തേജനം



കൊറോണയ്ക്കെതിരായ യുദ്ധത്തിൽ ലോകത്തിനാകെ ഭാരതം മികച്ച മാതൃക കാണിച്ചു നൽകിയതിനൊപ്പം വാക്സിനേഷന്റെ രണ്ടാം ഘട്ടം നടപ്പാക്കിയതോടെ രാജ്യം കൂടുതൽ ശ്രദ്ധ നേടി. മാർച്ച് 16 വരെയുള്ള കണക്ക് പ്രകാരം 71 ലോക രാജ്യങ്ങൾക്കായി 5.86 കോടി കൊവിഡ് 19 വാക്സിനുകളാണ് ഭാരതം കൈമാറിയത്. ഇതിൽ തന്നെ 36 രാജ്യങ്ങൾക്കായി 81.25 ലക്ഷം ഡോസ് വാക്സിന് സൗജന്യ സമ്മാനമായാണ് നൽകിയത്...

പ്രധാനമന്ത്രിയുടെ പ്രസംഗം മുഴുവനും കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

"നിങ്ങളുടെ ഊഴം വരുമ്പോൾ എല്ലാവരും നിർബന്ധമായും വാക്സിൻ കുത്തിവെയ്പ്പ് സ്വീകരിക്കണം. എങ്കിൽ മാത്രമേ കൊവിഡ് മഹാവ്യാധി മാറുകയുള്ളൂ".

വാക്സിൻ സ്വീകരിച്ച ശേഷം 104 വയസ്സുകാരനായ ശ്യാം ശരൺ നേഗിയുടെ അഭ്യർത്ഥന ആയിരുന്നു ഇത്. സ്വതന്ത്ര ഭാരതത്തിലെ ആദ്യ വോട്ടർ കൂടിയാണ് നേഗി. ഹിമാചലിലെ കിന്നോറിലെ വാക്സിനേഷൻ കേന്ദ്രത്തിലെത്തിയ നേഗിയെ ആരോഗ്യ പ്രവർത്തകർ സ്വീകരിച്ചു. ബംഗളൂരുവിലെ 103 കാരി ജെ. കാമേശ്വരിയാണ് വാക്സിൻ സ്വീകരിച്ച ഏറ്റവും പ്രായം കൂടിയ വ്യക്തി. സ്വന്തം ഗ്രാമത്തിൽ നിന്ന് 68 കി.മി ദൂരെയുള്ള റാഞ്ചിയിലെ വാക്സിനേഷൻ കേന്ദ്രത്തിലേക്ക് 80കാരനായ രാംകിഷോർ സാഹു സ്വന്തം ബൈക്കോടിച്ചാണ് വന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നൂറുവയസ്സ് പൂർത്തിയായ അമ്മ ഹീരാബെന്നും വാക്സിൻ സ്വീകരിച്ചു.

രണ്ടാംഘട്ട കൊവിഡ് വാക്സിനേഷന്റെ ഭാഗമായി നടന്ന സുപ്രധാന സംഭവങ്ങളാണ് ഇവിടെ വിവരിച്ചത്. കൊറോണാ മുക്തമാവുക എന്ന ലക്ഷ്യവുമായി ലോകത്തിലെ ഏറ്റവും വലിയ കൊവിഡ് വാക്സിനേഷൻ പ്രക്രിയയ്ക്കാണ് ഭാരതം തുടക്കമിട്ടിരിക്കുന്നത്. ആരോഗ്യ പ്രവർത്തകരും മുൻനിര പോരാളികളുമാണ് ആദ്യ ഘട്ടത്തിൽ കൊവിഡ് വാക്സിൻ സ്വീകരിച്ചത്.

### കേന്ദ്രസംഘം ഹരിദ്വാർ കുഭമേളയിൽ...

सुंदर स्वच्छ सुरक्षित

ഏപ്രിലിൽ ഹരിദ്വാറിൽ ആരംഭിക്കുന്ന കുംഭമേളയ്ക്ക് വേണ്ട എല്ലാ തയ്യാറെടുപ്പുകളും കേന്ദ്രസർക്കാർ ആരംഭിച്ചുകഴിഞ്ഞു. മുതിർന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള സംഘത്തെ അവിടെ നിയോഗിച്ചിട്ടുണ്ട്. കൊവിഡ് പ്രതിരോധ നടപടികൾ സ്വീകരിച്ചോ എന്നതുറപ്പിക്കുന്നതടക്കമുള്ള നടപടികൾ സംഘം സ്വീകരിക്കും.

രണ്ടാംഘട്ടത്തിൽ അറുപത് വയസ്സിന് മുകളിൽ പ്രായമായവരും 45-60 വയസ്സിനിടയിൽ ഗുരുതര രോഗമുള്ളവരുമാണ് വാക്സിനേഷന്റെ ഭാഗമാകുന്നത്. മാർച്ച് 1ന് ആരംഭിച്ച പ്രക്രിയയിൽ ഇതുവരെ 3.17 കോടി പേർക്ക് വാക്സിൻ നൽകി. മാർച്ച് 15ന് വാക്സിനേഷന്റെ 59-ാം ദിനത്തിലാണ് ഈ നേട്ടം. കൊവിഡ് വാക്സിനുകൾ ജനങ്ങൾക്ക് നൽകിയതിൽ നാലാം സ്ഥാനത്താണ് ഭാരതം.

# ഭാരതത്തിന്റെ വാക്സിൻ മൈത്രിക്ക് ലോകത്തിന്റെ പ്രശംസ




- കൊവിഡിനെ നേരിട്ട ഭാരതത്തിന്റെ നടപടികൾക്ക് ലോകത്തിന്റെയാകെ അംഗീകാരം ലഭിച്ചു. ലോകാരോഗ്യ സംഘടനയ്ക്ക് പിന്നാലെ ഐഎംഎഫ് മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഗീതാ ഗോപിനാഥ്, വാക്സിൻ കണ്ടെത്തുന്നതിനും മറ്റു രാജ്യങ്ങൾക്ക് നൽകുന്നതിലും ഭാരതം സ്വീകരിച്ച നടപടികളെ പ്രശംസിച്ചു.
- വാക്സിൻ മൈത്രി പരിപാടിക്ക് കീഴിൽ 71 ലോക രാജ്യങ്ങളിൽ 5.86 കോടി വാക്സിനുകളാണ് ഭാരതം എത്തിച്ചത്. ഇതിൽ 36 രാജ്യങ്ങൾക്ക് നൽകിയ 81.25 ലക്ഷം വാക്സിനുകൾ സൗജന്യമായിരുന്നു.
- ആന്റിഗ്വ, ബാർബഡോസ് തുടങ്ങിയ ആഫ്രിക്കൻ രാജ്യങ്ങൾക്ക് സൗജന്യ വാക്സിൻ നൽകിയ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നടപടിക്ക് നന്ദി പറഞ്ഞ് വെസ്റ്റ് ഇൻഡീസ് ക്രിക്കറ്റ് താരങ്ങളായിരുന്ന വിവിയൻ റിച്ചാർഡ്സ്, രാം നരേശ് സർവൻ, ജിമ്മി ആഡംസ് എന്നിവർ രംഗത്തെത്തി.
- ഇന്റർ പാർലമെന്ററി യൂണിയൻ ചീഫ് ഡോർട്ടെ പചേക്കോ മാർച്ച് 16ന് പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടത്തിയ പ്രസംഗത്തിൽ ലോകത്തെയാകെ ഭാരതം സഹായിച്ചതായി അറിയിച്ചു.

## മരുന്നുകൾക്കൊപ്പം ശക്തമായ നടപടികളും ആവശ്യം

| ആരോഗ്യ പ്രവർത്തകർ | മുൻ നിര പ്രവർത്തകർ | 45–60വയസ്സിനിടയിലെ രോഗ ബാധികർക്ക് | 60 വയസ്സു കഴിഞ്ഞവർക്ക് |
|---|---|---|---|
| ആദ്യ ഡോസ് 74,08,521 | ആദ്യ ഡോസ് 74,26,479 | ആദ്യ ഡോസ് 16,96,497 | ആദ്യ ഡോസ് 95,19,024 |
| രണ്ടാം ഡോസ് 43,97,613 | രണ്ടാം ഡോസ് 13,23,527 | | |

2021 മാർച്ച് 15 വൈകിട്ട് 7 മണി വരെയുള്ള കേന്ദ്രആരോഗ്യ മന്ത്രാലയത്തിന്റെ കണക്ക്

## കൊറോണാ കേസുകൾ ചില സംസ്ഥാനങ്ങളിൽ ഉയരുമ്പോൾ...

ആകെ രോഗികൾ
**2,23,432**

| 1,10,27,543 | 1,58,856 | 96.65% |
|---|---|---|
| രോഗ-മുക്തരായവർ | മരണം | രോഗമുക്തി നിരക്ക് |

മരണ നിരക്ക്: **1.39%**

**ആകെ പരിശോധനകൾ:** 22,82,80,763 സാമ്പിളുകളാണ് രാജ്യത്തുള്ള 2,416 സർക്കാർ-സ്വകാര്യ ലാബുകൾ വഴി പരിശോധിച്ചത്.

*2021 മാർച്ച് 15 വരെയുള്ള കണക്ക്.

വാക്സിനേഷൻ ക്യാംപയിനിന്റെ 59 -ാം ദിവസമായ മാർച്ച് 15 വരെയുള്ള കണക്ക്. ഏറ്റവും കൂടുതൽ കൊവിഡ് വാക്സിൻ നൽകിയവരിൽ ലോകരാജ്യങ്ങളിൽ ഭാരതത്തിന് നാലാംസ്ഥാനം. ■

- ചില സംസ്ഥാനങ്ങളിൽ കൊവിഡ് കേസുകൾ വീണ്ടും ഉയരുന്നുണ്ട്. മാർച്ച് 15 വരെയുള്ള കണക്ക് പ്രകാരം മഹാരാഷ്ട്ര, പഞ്ചാബ്, കർണ്ണാടക, ഗുജറാത്ത്, തമിഴ്നാട് എന്നിവിടങ്ങളിൽ കേസുകൾ വലിയ തോതിൽ ഉയരുന്നുണ്ട്. മാർച്ച് മാസത്തിലെ ആദ്യ 15 ദിവസം 2.97 പുതിയ രോഗികളാണ് രാജ്യത്തുണ്ടായത്. ഇതിൽ 80 ശതമാനം കേസുകളും അഞ്ചു സംസ്ഥാനങ്ങളിൽ നിന്നാണ് റിപ്പോർട്ട് ചെയ്തത്. ദൽഹിയിലും ഹരിയാനയിലും കേസുകൾ ഉയരുന്നുണ്ട്.
- രോഗവ്യാപനം തടയുന്നതിനായി മഹാരാഷ്ട്രയിലെ ചിലയിടങ്ങളിൽ ഭാഗികമായ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരുന്നു. 2021 മാർച്ച് 17ന് നടത്തിയ മുഖ്യമന്ത്രിമാരുടെ യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി കൊവിഡ് വ്യാപന സാഹചര്യം വിലയിരുത്തി.

അടിസ്ഥാന സൗകര്യങ്ങൾ

മൈത്രിയുടെ പാലം

# സൗഹൃദത്തിന്റെ പാലം: പുതിയ വാണിജ്യ ഇടനാഴി



**ബംഗ്ലാദേശുമായുള്ള റോഡ് വഴിയുള്ള ബന്ധം സൗഹൃദത്തെ മാത്രമല്ല വ്യാപാരത്തെയും ശക്തിപ്പെടുത്തും. കിഴക്ക്, വടക്കു കിഴക്ക്, ബംഗ്ലാദേശ് എന്നിവയെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള വാണിജ്യ ഇടനാഴി മുഴുവൻ മേഖലയ്ക്കും വികസനത്തിന് സഹായകരമാകും.**

രണ്ട് പ്രദേശങ്ങളെ ബന്ധിപ്പിക്കാൻ ഒരു പാലത്തിന് സാധിക്കും. എന്നാൽ ഭാരതത്തിലെ ത്രിപുര സംസ്ഥാനത്തെ തെക്കൻ ജില്ലയിലെ ഫെനി നദിയിലെ പുതിയ പാലം രണ്ടു രാജ്യങ്ങളിലെ ഹൃദയങ്ങളെക്കൂടിയാണ് ബന്ധിപ്പിക്കുന്നത്. 2021 മാർച്ച് 9 നു ഉദ്ഘാടനം ചെയ്ത പാലത്തിന്റെ പേര് മൈത്രീ സേതു എന്നിട്ടത് ഏറെ ഉചിതമായി. വെർച്വലായി നടന്ന ഉദ്ഘാടന ചടങ്ങിൽ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയും പങ്കെടുത്തു. പ്രധാനമന്ത്രി മോദിയുടെ കഴിഞ്ഞ ബംഗ്ലാദേശ് സന്ദർശനത്തിൽ ബംഗ്ലാദേശ് പ്രധാനമന്ത്രിക്കൊപ്പമായിരുന്നു പാലത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവഹിച്ചത്.

ഭാരതത്തെയും ബംഗ്ലാദേശിനെയും ബന്ധിപ്പിക്കുന്നതിന് പുറമേ ടൂറിസം, വ്യാപാരം, തുറമുഖ വികസനം തുടങ്ങി നിരവധി മേഖലകളിലും പുതിയ പാലം വികസനം കൊണ്ടുവരും. ത്രിപുരയിലെ നിരവധി വികസന പദ്ധതികളും പ്രധാനമന്ത്രി ചടങ്ങിൽ ഉദ്ഘാടനം ചെയ്തു. ദേശീയപാതാ പദ്ധതികൾ, സംസ്ഥാന പാതകൾ, ജില്ലാ തല റോഡ് പദ്ധതികൾ, പിഎം ആവാസ് യോജനയ്ക്ക് കീഴിൽ 41,000 വീടുകൾ നിർമ്മിക്കുന്ന പരിപാടി, അഗർത്തല സ്മാർട്ട് സിറ്റി മിഷന്റെ കീഴിൽ സംയോജിത കമാന്റ്, കണ്ട്രോൾ കേന്ദ്രം, വാണിജ്യ കേന്ദ്രം എന്നിവയും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

### ജീവിതം അനായാസമാക്കി പാലം

- ഭാരതത്തിലെ സബ്രൂമിനെ ബംഗ്ലാദേശിലെ രാംഗട്ടുമായി ബന്ധിപ്പിക്കുന്ന, ഫെനി നദിക്ക് കുറുകേ 1.9 കി.മി ദൈർഘ്യമുള്ളതാണ് മൈത്രീ സേതു.
- പുതിയ പാലം വന്നതോടെ ബംഗ്ലാദേശിലേക്കുള്ള വാതിലായി ത്രിപുര മാറി. ചത്തോഗ്രാം തുറമുഖവുമായുള്ള ദൂരവും ഭാരതത്തിന് ഏറെ കുറഞ്ഞു.
- ഭാരതവും ബംഗ്ലാദേശും തമ്മിലുള്ള വാണിജ്യ ബന്ധം ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായകകേന്ദ്രമായി പാലം മാറും.
- സബ്രൂമിൽ ഇരുരാജ്യങ്ങളുടേയും സംയോജിത ചെക്ക് പോസ്റ്റും ആരംഭിച്ചിട്ടുണ്ട്. പൂർണ്ണതോതിലുള്ള ചരക്ക് നീക്ക കേന്ദ്രമായി ചെക്ക് പോസ്റ്റ് മാറും.
- ഫെനി പാലം തുറന്നതോടെ അന്താരാഷ്ട്ര തുറമുഖവുമായി ഏറ്റവുമടുത്തുള്ള നഗരമായി അഗർത്തല മാറി. ■

പ്രധാനമന്ത്രിയുടെ പ്രസംഗം കേൾക്കാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.



ഏപ്രിൽ 1 ജന്മവാർഷികാചരണം

# ഗുരു തേഗ് ബഹാദൂർ: ധൈര്യവും ത്യാഗവും അനുകമ്പയും നിറഞ്ഞ ജീവിതം

> ലോകത്തിലെ ലക്ഷക്കണക്കിന് ആളുകളെപ്പോലെ ഗുരുതേജ് ബഹാദൂറിന്റെ കാരുണ്യത്താൽ പ്രചോദിതമായതാണ് ഞാനും
>
> – പ്രധാനമന്ത്രി നരേന്ദ്രമോദി

**നാമെല്ലാവരും പഠനത്തിലും കായിക വിനോദങ്ങളിലും മുഴുകുന്ന പ്രായമായ 14-ാം വയസ്സിൽ ത്യാഗ് മാൽ എന്ന കുട്ടി മുഗളന്മാർക്കെതിരെ യുദ്ധക്കളത്തിൽ പടപൊരുതി ചരിത്രം സൃഷ്ടിച്ചു. അദ്ദേഹത്തിന്റെ അസാമാന്യ ധീരതയും ശക്തിയും തേജ് ബഹാദൂർ (വാളിന്റെ പരാക്രമം) എന്ന പേരും ചാർത്തി നൽകി. സിഖ് സമൂഹത്തിന്റെ ഒൻപതാം ഗുരുവായി ആ ധീരൻ മാറി.....**

ആറാമത് ഗുരുവായ ഗുരു ഹർഗോവിന്ദ് സാഹിബിന്റെ ഏറ്റവും ഇളയ മകനായിരുന്ന ഗുരു തേഗ് ബഹാദൂർ അമൃതസറിലാണ് ജനിച്ചത്. എട്ടാമത് ഗുരുവായ ഗുരു ഹർകിഷൻ റായ് ജിക്ക് ശേഷം തേജ് ബഹാദൂർ ജിയെ ഒൻപതാം ഗുരുവായി തെരഞ്ഞെടുത്തു. അടിച്ചമർത്തപ്പെട്ടവർക്ക് വേണ്ടിയും ദുരിതമനുഭവിക്കുന്നവർക്ക് വേണ്ടിയുമായിരുന്നു തേഗ് ബഹാദൂർജി യുടെ പ്രവർത്തനം.

നാടോടിക്കഥകളിൽ പറയുന്നത് ഇപ്രകാരമാണ്; മുഗൾ രാജാവായ ഔറംഗസേബിന്റെ രാജധാനിയിൽ ഒരു പണ്ഡിതൻ ദിവസവും ഭഗവത്ഗീതയിൽ നിന്നുള്ള ശ്ലോകങ്ങൾ ഉദ്ധരിച്ച് അർത്ഥം വ്യക്തമാക്കിയിരുന്നു. എന്നാൽ അദ്ദേഹം തെരഞ്ഞെടുത്ത ചില ശ്ലോകങ്ങൾ മാത്രമാണ് ചൊല്ലിയിരുന്നത്. ഒരിക്കൽ പണ്ഡിതന് അസുഖം ബാധിച്ചതിനെ തുടർന്ന് അദ്ദേഹത്തിന്റെ മകനെയാണ് രാജധാനിയിലേക്ക് അയച്ചത്. എന്നാൽ ചക്രവർത്തിക്ക് മുന്നിൽ ചില ശ്ലോകങ്ങൾ മാത്രമേ ചൊല്ലാവൂ എന്ന കാര്യം മകനോട് പറയാൻ പണ്ഡിതൻ മറന്നു പോയി. പണ്ഡിതന്റെ മകൻ ശ്ലോകങ്ങൾ പൂർണ്ണമായും ചൊല്ലി അർത്ഥം വ്യാഖ്യാനിച്ചതോടെ എല്ലാ മതങ്ങളും ശ്രേഷ്ഠമാണെന്ന് ഔറംഗസേബിന് മനസ്സിലായി. എന്നാൽ തന്റെ മതത്തേക്കാൾ മറ്റു മതങ്ങൾ ശ്രേഷ്ഠമാകരുതെന്ന ചിന്തയുള്ള ഔറംഗസേബ് മറ്റു മതങ്ങളിൽ വിശ്വസിക്കുന്നവരെ സ്വന്തം മതത്തിലേക്ക് മാറ്റാനുള്ള തീരുമാനം എടുത്തു. ആളുകൾക്ക് രാജാവ് രണ്ടിലൊന്ന് തെരഞ്ഞെടുക്കാനുള്ള അവസരം നൽകി. ഒന്നുകിൽ മതപരിവർത്തനം ചെയ്യുക, അല്ലെങ്കിൽ മരിക്കുക. രാജാവിന്റെ ഈ നിർദ്ദേശം വന്നതോടെ കുറച്ച് കശ്മീരി പണ്ഡിറ്റുകൾ ഗുരു തേഗ് ബഹാദൂറിനെ സമീപിച്ച് സഹായം അഭ്യർത്ഥിച്ചു. അദ്ദേഹത്തെ മതപരിവർത്തനം നടത്താൻ സാധിച്ചാൽ മറ്റെല്ലാവരേയും മതംമാറ്റാൻ സാധിക്കുമെന്ന് രാജാവിനെ അറിയിക്കാൻ തേഗ് ബഹാദൂർ പണ്ഡിറ്റുകളോട് നിർദ്ദേശിച്ചു. ഇതറിഞ്ഞ മുഗൾ രാജാവ് തേഗ് ബഹാദൂറിനെ പിടിച്ചുകൊണ്ടുവരാൻ കൽപ്പിച്ചു. ഗുരു തേഗ് ബഹാദൂർ ജിയും അദ്ദേഹത്തിന്റെ അനുയായികളും ദിവസങ്ങളോളം രാജാവിന്റെ നിർദ്ദേശ പ്രകാരം ക്രൂര പീഡനങ്ങൾക്ക് ഇരയായെങ്കിലും മതപരിവർത്തനത്തിന് തയ്യാറായില്ല. മുഗൾ രാജാവിന്റെ നിർദ്ദേശ പ്രകാരം ഡൽഹിയിലെ ചാന്ദിനി ചൗക്കിൽ വെച്ച് ഗുരു തേഗ് ബഹാദൂറിന്റെ ശിരച്ഛേദം നടത്തി. ഇവിടെയാണ് പിന്നീട് പ്രസിദ്ധമായ രഖബ്ഗഞ്ച് ഗുരുദ്വാര സ്ഥിതി ചെയ്യുന്നത്. ഗുരു ഗ്രന്ഥ സാഹിബിൽ നിരവധി സ്തോത്രങ്ങളും ഈരടികളും ഗുരു തേഗ് ബഹാദൂർ സംഭാവന ചെയ്തിട്ടുണ്ട്. 116 ശബ്ദങ്ങളും 57 ശ്ലോകങ്ങളും 15 രാഗങ്ങളും ഇതിൽ ഉൾപ്പെടുന്നു. ■

# കർമ്മത്തിലുള്ള ഭാരതത്തിന്റെ നൂറ്റാണ്ടുകളായുള്ള വിശ്വാസത്തിന്റെ അടയാളമാണ് ഗീത

**കൊറോണയ്ക്കെതിരായ പോരാട്ടത്തിൽ മഹാഭാരതവും ഭഗവത് ഗീതയുമാണ് ഓരോ ഘട്ടത്തിലും രാജ്യത്തെ നയിച്ചത്. രാജ്യത്തിന്റെ ഐക്യത്തിന്റെയും സൗഹാർദ്ദത്തിന്റെയും പുസ്തകമാണ് ഗീത. 'സാമം സർവ്വേഷു ഭൂതേഷു തിഷ്താനന്തം പരമേശ്വരം' ദൈവം എല്ലാവരുടേയും ഹൃദയത്തിൽ കുടിയിരിക്കുന്നു. ഇതിൽ നിന്ന് പ്രേരണ ഉൾക്കൊണ്ടാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീമദ് ഭഗവത് ഗീതയുടെ ഇ-ബുക്കും കയ്യെഴുത്തു പ്രതിയും പ്രകാശനം ചെയ്തത്.**



ഭഗവത് ഗീത വെറുമൊരു മത ഗ്രന്ഥം മാത്രമല്ല, രാജ്യത്തെ എക്കാലവും മുന്നോട്ട് നയിക്കുകയും ചിന്തകർക്ക് പ്രചോദനവും നൽകിയ ഊർജ്ജദായിനി കൂടിയാണ്. കൊറോണാ മഹാവ്യാധിക്കാലത്ത് ഭഗവത് ഗീതയുടെ പ്രാധാന്യം ഏറെ വർദ്ധിച്ചു. ഗീതയെപ്പറ്റി 21 പണ്ഡിതരുടെ വ്യാഖ്യാനങ്ങളടങ്ങിയ കയ്യെഴുത്തുപ്രതിയും സ്വാമി ചിദ്ഭവാനന്ദയുടെ ഭഗവത് ഗീതയുടെ കിന്റിൽ വേർഷനും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തതും ഇതുകൊണ്ടു തന്നെയാണ്. ശ്രീമദ് ഭഗവത് ഗീത: റെയർ മൾട്ടിപ്പിൾ സാൻസ്ക്രിറ്റ് കമന്ററീസ് ഇൻ ഒറിജിനൽ കാലിഗ്രാഫി' എന്ന പുസ്തകത്തിന്റെ പ്രകാശനം പ്രധാനമന്ത്രി വെർച്വലായി നിർവഹിച്ചു. തമിഴ്നാട്ടിലെ ശ്രീ രാമകൃഷ്ണ തപോവനം ആശ്രമത്തിന്റെ സ്ഥാപകനാണ് സ്വാമി ചിദ്ഭവാനന്ദ.

**പ്രധാനമന്ത്രിയുടെ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ:**

- ഭാരതത്തിന്റെ ആശയ സ്വാതന്ത്ര്യത്തിന്റെയും സഹിഷ്ണുതയുടേയും അടയാളമാണ് ഭഗവത് ഗീത. അവരവരുടെ കാഴ്ചപ്പാടുകളിലൂടെ എല്ലാവരേയും ഗീത ഉത്തേജിപ്പിക്കുന്നു.
- ആത്മീയ ബോധത്തെ ഉണർത്തുന്നതായി ആദി ശങ്കരാചാര്യർ ഗീതയെ വിശേഷിപ്പിച്ചപ്പോൾ അചഞ്ചലമായ ജാഗ്രതയുടേയും കീഴടക്കാൻ സാധിക്കാത്തത്ര വിശ്വാസത്തിന്റെയും കേന്ദ്രമായാണ് സ്വാമി വിവേകാനന്ദൻ ഗീതയെ കണ്ടത്.
- ജ്ഞാനത്തിന്റെയും മനുഷ്യത്വത്തിന്റെയും മൂർത്തീകരണമായി ശ്രീ അരബിന്ദോ ഗീതയെ കണ്ടു. ദുർഘട സമയത്തെ വഴികാട്ടിയായാണ് മഹാത്മാഗാന്ധി ഗീതയെ വിശേഷിപ്പിച്ചത്.
- നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ദേശഭക്തിയേയും ധീരതയേയും ഗീത ഉയർത്തി. സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ ബാലഗംഗാധര തിലകന് പുതിയ ശക്തിയും ഊർജ്ജവും ഗീതയാണ് നൽകിയത്.
- നമ്മുടെ സ്വാതന്ത്ര്യ സമര പോരാട്ടത്തിനും സ്വാതന്ത്ര്യ സമര പോരാളികൾക്കും ഭഗവത് ഗീത എങ്ങനെയാണ് ഊർജ്ജം നൽകിയതെന്ന് നമ്മുടെ പുതിയ തലമുറ ഗവേഷണത്തിലൂടെയും ലേഖനങ്ങളിലൂടെയും മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ രാജ്യത്തെ ഗീത എങ്ങനെ ആത്മീയമായി യോജിപ്പിച്ചു എന്നതും പഠിക്കണം.
- ലോകം മുഴുവനുമുള്ള തമിഴ് സമൂഹത്തിന് എളുപ്പത്തിൽ ഗീത പഠിക്കാൻ ഇ-ബുക്ക് സഹായിക്കും. കൂടുതൽ യുവജനതയെ ഗീതയുമായി ബന്ധിപ്പിക്കാൻ ഈ ശ്രമത്തിന് സാധിക്കും. ■

പ്രധാനമന്ത്രിയുടെ പ്രസംഗം കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

# കാലഘട്ടത്തിന്റെ ക്വാഡ്

ഇന്തോ - പസഫിക് മേഖലയ്ക്ക് വാണിജ്യപരവും തന്ത്രപ്രധാനവുമായ പ്രാധാന്യമുണ്ട്. ക്വാഡ് ഈ വിഷയങ്ങളെ മാത്രമല്ല മേഖലയിലെ മറ്റു രാജ്യങ്ങളുടെ താൽപര്യങ്ങളും സംരക്ഷിക്കുന്നു. ഇന്തോ - പസഫിക് മേഖലയിലെ സുസ്ഥിരതയുടെ സ്തംഭമായി ക്വാഡ് എന്നെന്നും പ്രവർത്തിക്കും.






ഭാരതം ആഗോള ശക്തിയായി പ്രവർത്തിക്കുമ്പോൾ ഇന്തോ - പസഫിക് മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതുണ്ട്. ക്വാഡ്രിലാറ്ററൽ സെക്യൂരിറ്റി ഡയലോഗ് (ക്വാഡ്) 2021 മാർച്ച് 12നാണ് നടന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദി, യു.എസ് പ്രസിഡന്റ് ജോ ബൈഡൻ, ആസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ, ജപ്പാൻ പ്രധാനമന്ത്രി യോഷിഹിഡെ സുഗ എന്നിവരാണ് ക്വാഡ് ഉച്ചകോടിയിൽ പങ്കെടുത്തത്. വിതരണ ശൃംഖല, പുതിയ സാങ്കേതിക വിദ്യ, സമുദ്ര സുരക്ഷ, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ നിരവധി വിഷയങ്ങളിൽ ക്വാഡ് നിർണ്ണായക ചർച്ച നടത്തി. ഇന്തോ - പസഫിക് രാജ്യങ്ങളിലെ വിശ്വാസം ഉയർത്താനും ഉച്ചകോടി ലക്ഷ്യമിട്ടു.

മൂന്നോളം മന്ത്രിതല യോഗങ്ങൾക്ക് ശേഷമാണ് ഈ നാലു രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാർ ഉച്ചകോടിയിൽ അണിനിരന്നത്. കൊവിഡ് 19 വ്യാപനത്തിന് അറുതി വരുത്താനായി മേഖലയിലെ കൊവിഡ് വാക്സിൻ വിതരണവും ഉച്ചകോടിയിൽ ചർച്ചയായി. സ്വതന്ത്രവും തുറന്നതുമായ ഇന്തോ - പസഫിക് ആണ് മേഖലയുടെ സ്ഥിരതയ്ക്ക് ആവശ്യം. ■

പ്രധാനമന്ത്രിയുടെ പ്രസംഗം കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.

## എന്താണ് ക്വാഡ്?

*നാലു രാഷ്ട്രങ്ങളുടെ തന്ത്രപ്രധാന കൂട്ടായ്മയാണ് ക്വാഡ്. ഭാരതം, യു.എസ്, ആസ്ട്രേലിയ, ജപ്പാൻ എന്നിവയാണ് അംഗരാജ്യങ്ങൾ. തന്ത്രപ്രധാന രഹസ്യ വിവരങ്ങളുടെ കൈമാറ്റവും സംയുക്ത സൈനിക അഭ്യാസങ്ങളും അംഗരാജ്യങ്ങൾ നടത്തും. സുരക്ഷ, പരിസ്ഥിതി, വ്യാപാരം, ഇന്തോ - പസഫിക് മേഖലയിലെ മറ്റു താൽപര്യങ്ങൾ എന്നിവയെ ക്വാഡ് പ്രോത്സാഹിപ്പിക്കും. ക്വാഡ് രാജ്യങ്ങളുടെ വാർഷിക സൈനികാഭ്യാസമാണ് മലബാർ എക്സർസൈസ്.*

### വാക്സിൻ പങ്കാളിത്തം

- കൊവിഡ് 19ന് അന്ത്യം കുറിക്കാൻ പങ്കാളിത്തം ആരംഭിച്ച് ക്വാഡ്.
- ഇന്തോ - പസഫിക് മേഖലയിലെ രാജ്യങ്ങൾക്ക് വാക്സിനേഷൻ വിഷയത്തിൽ ക്വാഡ് രാജ്യങ്ങൾ സഹായം നൽകും. ലോകാരോഗ്യസംഘടന, കോവാക്സ് എന്നീ സംവിധാനങ്ങളുമായി ഏകോപിപ്പിച്ച് പ്രവർത്തിക്കും.
- സുരക്ഷിതവും കാര്യക്ഷമവുമായ വാക്സിനുകളുടെ നിർമ്മാണം ഭാരതത്തിലെ സംവിധാനങ്ങൾ ഉപയോഗിച്ച് ത്വരിതപ്പെടുത്തും.
- വരുമാനം കുറഞ്ഞ രാജ്യങ്ങൾക്ക് ജീവൻരക്ഷാ വാക്സിനുകൾ ക്വാഡ് രാജ്യങ്ങൾ നൽകും.

### പാരിസ്ഥിതിക പ്രവർത്തനസംഘം

- പാരീസ് ഉടമ്പടി പ്രകാരം താപനില കുറയ്ക്കാൻ ആവശ്യമുള്ള നടപടികൾ സ്വീകരിക്കാൻ ക്വാഡ് രാജ്യങ്ങളും മറ്റു രാജ്യങ്ങളും തമ്മിൽ സഹകരിക്കും.
- ബഹിർഗമനത്തോത് കുറയ്ക്കാൻ ആവശ്യമായ സാങ്കേതിക വിദ്യകളുടെ കൈമാറ്റം ഉറപ്പുവരുത്തും.

### സങ്കീർണ്ണവും നവീനവുമായ സാങ്കേതികവിദ്യകൾ

- സാങ്കേതികവിദ്യയുടെ രൂപകൽപ്പന, വികസനം, ഉപയോഗം എന്നിവയ്ക്കായി നടപടികൾ തയ്യാറാക്കും.
- സാങ്കേതിക വിദ്യകളുടെ വികസനത്തിലെ ഏകോപനം, നമ്മുടെ ദേശീയ സാങ്കേതിക വിദ്യാ നിലവാര ഘടകങ്ങളുമായി മറ്റു രാജ്യങ്ങളുടെ സഹകരണം.
- ടെലി കമ്യൂണിക്കേഷൻ, ഉപകരണങ്ങളുടെ വിതരണം, സ്വകാര്യ മേഖലയുടേയും വ്യവസായത്തിന്റെയും സഹകരണം.

# പ്രേരണാദായകമായ ഒരു യാത്ര

പ്രമുഖരുടെ കഥകൾ നാം ധാരാളം കേട്ടിട്ടുണ്ട്. അത്തരം കഥകൾക്ക് പിന്നിലെ പ്രേരണാദായകമായ യാത്രകളും തുടർച്ചയായ പോരാട്ടങ്ങളും അറിയേണ്ടതുണ്ട്. അത്തരത്തിലൊരു കഥയാണ് മധ്യപ്രദേശിലെ ഒരു ഗ്രാമത്തിന് പറയാനുള്ളത്. ഇവിടെ എല്ലാ വീട്ടുകാരും അടുക്കളയിൽ സൗരോർജ്ജം ഉപയോഗിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദ ബാറ്ററി വികസിപ്പിച്ചെടുത്ത രണ്ടു യുവാക്കൾ പാരിസ്ഥിതിക സംരക്ഷണത്തിന് പ്രേരണാശ്രോതസ്സുകളാവുന്നതാണ് മറ്റൊന്ന്.

## സൗരോർജ്ജ അടുക്കളയുടെ ആദ്യഗ്രാമം



മധ്യപ്രദേശിലെ ബെതുൽ ജില്ലയിലെ ബഞ്ച ഗ്രാമം സാധാരണ ഒരു ഗ്രാമമല്ല. ഒരാളുടെ പ്രശ്നത്തിൽ നിന്ന് എങ്ങനെ ഒരു വിജയകഥ രചിക്കാം എന്നതിന്റെ ഉദാഹരണമാണ് ആ ഗ്രാമം. എല്ലാ വീടുകളിലും സൗരോർജ്ജ അടുക്കളകളുള്ള പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ 74 വീടുകളാണ് ഇവിടെയുള്ളത്. എല്ലാ വീട്ടിലും സൗരോർജ്ജ അടുക്കളയുള്ള രാജ്യത്തെ ഏക ഗ്രാമം കൂടിയാണിത്. മഖൻലാൽ ചതുർവേദി നാഷണൽ ജേർണലിസം യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസർ ലോകേന്ദ്രസിങും പ്രൊഡ്യൂസർ മനോജ് പട്ടേലും ചേർന്ന് ബഞ്ച ഗ്രാമത്തെപ്പറ്റി ഒരു ഡോക്യുമെന്ററി നിർമ്മിച്ചു. ഗ്രാമവാസികളുടെ വിഷമതകളും പോരാട്ടങ്ങളും അങ്ങനെ പുറംലോകം അറിഞ്ഞു. മണൽച്ചാക്കുകൾ നിറച്ച് മഴവെള്ളം സംഭരിച്ച ബെഞ്ച വാസികൾ വെള്ളത്തിൽ സ്വയംപര്യാപ്തമായി. തുടർന്ന അവർ പ്ലാസ്റ്റിക് മുക്ത ഗ്രാമം എന്ന ലക്ഷ്യവും നേടി. തുടർന്ന് ഒൺജിസിയുടേയും ഐഐടി ബോംബെയുടേയും സഹായത്തോടെ പ്രകൃതിയിലെ ഊർജ്ജത്തെ ഉപയോഗിക്കാൻ അവർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി എല്ലാ വീടുകളിലും സോളാർ സ്റ്റൗ സ്ഥാപിച്ചു. അവരവരുടെ സോളാർ സ്റ്റൗ ഉപയോഗിച്ചാണ് ഇപ്പോൾ എല്ലാ കുടുംബവും പാചകം ചെയ്യുന്നത്.

## ലോകത്തിലെ ആദ്യ 100% ഹരിത ബാറ്ററി




സാധാരണ കെമിക്കൽ ബാറ്ററികൾ പുറംതള്ളുന്ന മാലിന്യത്തിന് പരിഹാരമായി നിമിഷ വർമ്മയും നവീൻ സുമനും ചേർന്നുള്ള സംരംഭമാണിത്. ഇരുവരുടേയും സംരംഭമായ സ്റ്റാർട്ടപ്പ് വഴി 100 ശതമാനം പരിസ്ഥിതി സൗഹാർദ്ദവും ഉപദ്രവകാരികളുമല്ലാത്ത അലോവേര ഉപയോഗിച്ചുള്ള ബാറ്ററികൾ അവർ നിർമ്മിച്ചു. സാധാരണ ബാറ്ററികൾ വിഷവസ്തുക്കളായ ലെഡും മെർക്കുറിയും ചേർത്ത് നിർമ്മിക്കുമ്പോൾ ഹെർബൽ ഇലക്ട്രോലെറ്റുകളുപയോഗിച്ചാണ് ഹരിത ബാറ്ററി നിർമ്മിച്ചത്. അലോയ് ഇ സെൽ എന്നാണ് പേര്. കാർബൺ ബഹിർഗമനതോത് കുറയ്ക്കാൻ സഹായിക്കുന്നതാണ് ബാറ്ററി. 1.5വി എഎ, എഎഎ എന്നീ സൈസുകളിലാണ് ഈ അലോയ് ഇ സെല്ലുകൾ വരുന്നത്. റിമോട്ട് കൺട്രോൾ, ക്ലോക്കുകൾ, കളിപ്പാട്ടങ്ങൾ എന്നിവയിൽ എല്ലാം ഹരിത ബാറ്ററികൾ ഉപയോഗിക്കാം. സാധാരണ ബാറ്ററികളേക്കാൾ പത്തുശതമാനം വിലക്കുറവും ഒന്നരമടങ്ങ് കാലാവധിയും ലഭിക്കുന്നതാണ് ഈ ബാറ്ററികൾ. നവീനും നിമിഷയ്ക്കും നിരവധി അവാർഡുകളും ലഭിച്ചു. 2019ലെ മികച്ച ആശയത്തിനുള്ള ആവാർഡ്, ഗോ ഗ്രീൻ അവാർഡ് എന്നിവയും 2020ലെ ദേശീയ സ്റ്റാർട്ടപ്പ് അവാർഡും ഇവർക്ക് ലഭിച്ചു.


RNI No.
DELMAL/2020/78826
April: 1-15, 2021

ന്യൂ ഇന്ത്യ
സമാചാർ
Fortnightly

RNI Registered No. DELMAL/2020/78826 , Delhi Postal License No DL (S)-1/3549/2020-22, WPP NO U (S)-97/2020-22, posting at BPC, MEGHDOOT BHAWAN, NEW DELHI-110001 On 26-30 advance Fortnightly, (Publishing Date March 20, 2021, Pages-40)

# ഉപ്പു സത്യാഗ്രഹത്തിന്റെ 91–ാം വാർഷികം

## ഉപ്പു നിയമം ലംഘിച്ചുകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അടിത്തറയെ ഗാന്ധിജി ഇളക്കി.



"നമ്മെ സംബന്ധിച്ചിടത്തോളം ഉപ്പ് എന്നത് ആത്മാർത്ഥതയുടേയും വിശ്വാസത്തിന്റെയും അടയാളമാണ്. രാജ്യത്തിന്റെ ഉപ്പാണ് നാം ഭക്ഷിക്കുന്നത്. ഉപ്പ് എന്നത് വളരെ വിലകൂടിയതൊന്നുമല്ല. എന്നാൽ ഉപ്പ് തൊഴിലിനെയും തുല്യതയേയും പ്രദാനം ചെയ്യുന്നു. അക്കാലത്ത് ഉപ്പ് എന്നത് ഭാരതത്തിന്റെ സ്വയംപര്യാപ്തതയുടെ അടയാളമായിരുന്നു. ഭാരതത്തെ മുറിവേൽപ്പിക്കുക മാത്രമല്ല ബ്രിട്ടീഷുകാർ ചെയ്തത്, രാജ്യത്തിന്റെ സ്വയംപര്യാപ്തതയെയും അവർ നശിപ്പിച്ചു. ഇംഗ്ലണ്ടിൽ നിന്ന് വരുന്ന ഉപ്പിനെ ആശ്രയിക്കേണ്ട അവസ്ഥ രാജ്യത്തെ ജനങ്ങൾക്കുണ്ടായി. രാജ്യത്തിന്റെ ആ വേദന ഗാന്ധിജിക്ക് മനസ്സിലായി. ജനവികാരം അദ്ദേഹം തിരിച്ചറിയുകയും എല്ലാ ഭാരതീയരെയും ഉൾപ്പെടുത്തിയുള്ള പ്രക്ഷോഭത്തിന് അദ്ദേഹം തുടക്കം കുറിക്കുകയും ചെയ്തു.

–പ്രധാനമന്ത്രി നരേന്ദ്രമോദി.

| Editor: Jaideep Bhatnagar, Principal Director General, PIB, New Delhi | Published & Printed by: Satyendra Prakash, Principal Director General, BOC on behalf of Bureau of Outreach and Communication | Published from Bureau of Outreach and Communication, 2nd Floor, Soochna Bhawan, New Delhi - 110003 | Printed at Infinity Advertising services Pvt. Ltd. FBD-One Corporate Park, 10th Floor, New Delhi-Faridabad border, NH-1, Faridabad-121003 (Haryana) |
|---|---|---|---|

Malayalam Issue 19